കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.lfa.kerala.gov.in

# ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-2019

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ**

**e-mail:ddhglfalpy@gmail.com**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി–പി7-144/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

ഫോൺ: 0477 2252753

ഇ–മെയിൽ: ddhglfalpy@gmail.com

തീയതി: 10.02.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെട്ടികുളങ്ങര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത്- 2018-2019 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി – പി7-144/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

ഫോൺ: 0477 2252753

ഇ-മെയിൽ: ddhglfalpy@gmail.com

തീയതി: 10.02.2020

## ആലപ്പുഴ ജില്ലയിലെ ചെട്ടികുളങ്ങര ഗ്രാമ പഞ്ചായത്ത്

## 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01-02-2019 മുതൽ 30.09.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 05-10-19 ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | കെ.വി.സന്തോഷ്<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 19.09.2019മുതൽ<br>05.10.2019വരെ | ശ്രീ.ബി.ലിജിലാൽ<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ.പ്രവീൺ ഷേണായി, അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീമതി മായാദേവി.സി.എസ്,അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീമതി ദീപ.എസ്. അസി.ഓഡിറ്റ് ഓഫീസർ<br>(19-09-19 മുതൽ 20-09-19 വരെ)<br>ശ്രീമതി രാജി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>(19-09-19 മുതൽ 20-09-19 വരെ)<br>ശ്രീ.ഉണ്ണികൃഷ്ണൻ.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>(23.09.19 മുതൽ) |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീമതി സി.കൃഷ്ണമ്മ | 01.04.2018മുതൽ 31.03.2019വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ.അശോക് കുമാർ.എസ് | 01-04-18 മുതൽ 31-05-18 വരെ |
| 2 | ശ്രീമതി ബീന തോമസ്സ് ജോൺ (അസിസ്റ്റന്റ് സെക്രട്ടറി, ഇൻചാർജ്ജ്) | 01-06-18 മുതൽ 21-06-18 വരെ |
| 3 | ശ്രീ.സനൽദത്ത്.ആർ | 22-06-18 മുതൽ 31-03-19 വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ.സുധാകരകുറുപ്പ് | 01.04.2018മുതൽ 31.03.2019 വരെ |
| 2 | വികസന കാര്യം | ശ്രീ.ജി.രാജു | 01.04.2018മുതൽ 31.03.2019 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി സിന്ധു ദിവാകരൻ | 01.04.2018മുതൽ 31.03.2019 വരെ |
| 4 | ആരോഗ്യ കാര്യം<br>വിദ്യാഭ്യാസ കാര്യം | ശ്രീമതി അമ്പിളി സുനിൽ കുമാർ | 01.04.2018മുതൽ 31.03.2019 വരെ |

4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി ലേഖാ മോഹൻ | 01.04.2018മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.മഞ്ജു.ബി | 01.04.2018മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്സൂപ്പർവൈസർ | ശ്രീമതി നിർമ്മല കുമാരി കെ.കെ | 01.04.2018മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | ശ്രീ.രതീഷ് കുമാർ | 01.04.2018 മുതൽ 31.03.19 വരെ |
| | ശ്രീ.ഹരികൃഷ്ണൻ.ജി | 01.04.2018 മുതൽ 06.12.2018വരെ |
| | ശ്രീ.രതീഷ് കുമാർ | 07.12.2018 മുതൽ 09.01.2019വരെ |
| | ശ്രീമതി അനു.സി | 10.01.2019മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | ഡോ.സുനിത.ആർ | 01.04.2018മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ശേഷനാഗ് എം.പി | 01.04.2018മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | ഡോ.ഗണേഷ് | 1.4.2018 മുതൽ 31.3.2019വരെ |
| ഹെഡ്മാസ്റ്റർ (ഗവ.എൽ.പി.എസ്. കണ്ണമംഗലം | ശ്രീ.ടി.ടി വേണുകുമാർ | 1.4.2018 മുതൽ 31.3.2019 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി രശ്മി | 01.04.2018മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി ബീനാ തോമസ്സ് ജോൺ | 01.04.2018മുതൽ 1 31.3.2019വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീ.തോമസ്.എ.എൻ | 1.4.2018 മുതൽ 31.3.2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| ഭാഗം -1 | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| | | |

| | | |
|---|---|---|
| 4 | 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |
| 9 | 1-9 | ക്യാഷ് പരിശോധന |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷികകണക്കുകളിലെ അപാകതകൾ |
| 13 | 1-13 | തൊഴിൽ നികുതി ചുമത്തുന്നതിലും ഈടാക്കുന്നതിലും അപാകത നിലനിൽക്കുന്നു. |
| 14 | 1-14 | വസ്തുനികുതി- സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ, ആയുർവേദ സുഖചികിത്സ കേന്ദ്രങ്ങൾ എന്നിവയുടെ നികുതി നിരക്ക് നിശ്ചയിച്ചില്ല |
| 15 | 1-15 | വസ്തുനികുതി-വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിസ്തൃതിക്കനുസൃതമായി നികുതി ചുമത്തിയില്ല. |
| 16 | 1-16 | വസ്തുനികുതി -ബാധകമല്ലാത്ത നികുതി നിരക്ക് ചുമത്തുക വഴി ഉടമക്ക് കൂടുതൽ നികുതി ബാധ്യത |
| 17 | 1-17 | ഓഡിറ്റ് ഇംപാക്റ്റ്-ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് വസ്തുനികുതി പുനനിർണ്ണയിച്ചു- പഞ്ചായത്തിന്റെ വാർഷിക വസ്തുനികുതി ഡിമാൻഡിൽ 2843/-രൂപയുടെ വർദ്ധനവ് |
| 18 | 1-18 | അസംബ്ലി ഹാളുകളെ വിദ്യാഭ്യാസാവശ്യത്തിനുള്ള നിരക്കിൽ നികുതി ചുമത്തി |
| 19 | 1-19 | 2015-16 വർഷം നിർമ്മിച്ച വലവട വിപണന കേന്ദ്രം ഒഴിഞ്ഞു കിടക്കുന്നു. |
| 20 | 1-20 | ശോച്യവസ്ഥയിലുള്ള കരിപ്പുഴ പബ്ലിക്ക് മാർക്കറ്റ് സ്റ്റാളുകളുടെ ലേലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കുന്നു. |
| 21 | 1-21 | പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിലെ ഫർണ്ണിച്ചറുകൾ പുനരുപയോഗിക്കുകയോ, ലേലം നടത്തുകയോ ചെയ്തിട്ടില്ല. |
| 22 | 1-22 | ടെണ്ടർ ഫീസിനത്തിൽ 3.92 ലക്ഷം രൂപ പഞ്ചായത്തിന് മടക്കി ലഭിച്ചിട്ടില്ല. |
| 23 | 1-23 | പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിടം ഫലപ്രദമായി ഉപയോഗിക്കുന്നില്ല. |
| 24 | 1-24 | തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണത്തിൽ ഗുരുതരമായ അപാകത-തെറ്റായ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവർത്തി നിർവ്വഹണം നടത്തുക വഴി 1.05 കോടി രൂപയുടെ അധിക ചെലവ്. |
| 25 | 1-25 | ഒരേ കാലയലവിൽ പഞ്ചായത്തിൽ നടത്തിയ ഒരേയിനം പ്രവർത്തിക്ക് വ്യത്യസ്ത നിരക്ക് അനുവദിക്കുകമൂലം 1,31,742/- രൂപയുടെ അധിക ചെലവ് |
| 26 | 1-26 | ടെൻഡർ കുറവ് പരിഗണിക്കാതെ കരാറുകാരന് അധികം നൽകിയ തുക ഓഡിറ്റ് കണ്ടെത്തലിനെ തുടർന്നു തിരിച്ചടച്ചു- ഓഡിറ്റ് ഇംപാക്ട്. |
| 27 | 1-27 | ഇ.എം.എസ് ലോൺ മുതൽ തിരിച്ചടവ് -പ്രഭവ സ്ഥാനത്തുനിന്നുള്ള കിഴിക്കൽ- പഞ്ചായത്തിന്റെ കണക്കുകളിൽ അവ്യക്തത |
| 28 | 1-28 | ഇ.എം.എസ് ലോൺ-മുതൽ തിരിച്ചടവ് ബാക്കിയില്ലാത്ത ബാങ്കിന് തുക നൽകി |
| 29 | 1-29 | സ്കൂൾ പരിസരത്ത് അപകടകരമായി നിൽക്കുന്നവൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിന് കഴിഞ്ഞില്ല |
| 30 | 1-30 | എൽ ഇ ഡി ലൈറ്റുകൾ - സ്ഥാപിച്ചതായി കെ എസ് ഇബിയിൽ നിന്ന് സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 31 | 1-31 | തെരുവ് വിളക്ക് - സാധനങ്ങൾ വാങ്ങലും മെയിന്റനൻസും- കരാറുകാരനിൽ നിന്ന് ആദായ നികുതി ഈടാക്കിയില്ല |
| 32 | 1-32 | തെരുവ് വിളക്കുകളുടെ മീറ്റർ സംവിധാനം -നാളിതുവരെ നടപ്പായില്ല |
| 33 | 1-33 | സോളാർ പാനൽ സ്ഥാപനം - ഉത്പാദിപ്പിക്കുന്ന വൈദ്യുതി സംബന്ധിച്ച രേഖകൾ |

| | | |
|---|---|---|
| | | സൂക്ഷിച്ചിട്ടില്ല |
| 34 | 1-34 | എസ് റ്റി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം -രേഖകൾ പൂർണ്ണമല്ല |
| 35 | 1-35 | തുല്യതാപഠനം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 36 | 1-36 | ഇടവിളകൃഷി - സബ്സിഡി നിർണ്ണയിച്ചതിൽ വ്യക്തതയില്ല |
| 37 | 1-37 | കന്നുകുട്ടിപരിപാലനം വിനിയോഗരേഖകൾ പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് ഹാജരാക്കേണ്ടതാണ്. |
| 38 | 1-38 | പഠനമുറി നിർമ്മാണം - പൂർത്തീകരിച്ചില്ല |
| 39 | 1-39 | സ്കൂളുകളുടെ ഭൗതിക സാഹചര്യം - മെച്ചപ്പെടുത്തേണ്ടതാണ് |
| 40 | 1-40 | മരുന്നുകൾ ലഭിച്ചില്ല |
| 41 | 1-41 | മഴക്കാല പൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട് ചില വാർഡുകളിലെ കൺവീനർമാർ പാസ്ബുക്ക്, മിനിറ്റ്സ് ബുക്ക് എന്നിവ ഹാജരാക്കിയില്ല |
| 42 | 1-42 | ബിൽ തുകയിൽ അധികരിച്ച ചെലവ് നിരാകരിക്കുന്നു. |
| 43 | 1-43 | പഞ്ചായത്ത് വക ആംബുലൻസിന്റെ ലോഗ് ബുക്ക് സൂക്ഷിക്കുന്നതിലെ അപാകത |
| 44 | 1-44 | എസ്.എൽ.ഐ. പോളിസി പുതുക്കിയില്ല |
| 45 | 1-45 | ലൈഫ് ഭവനനിർമ്മാണം - പദ്ധതി നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ |
| 46 | 1-46 | സേവന പുസ്തകമില്ലാത്ത കരാർ ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ ചെയ്ത് നല്കി-21750/- രൂപ തടസ്സപ്പെടുത്തുന്നു. |
| 47 | 1-47 | പഞ്ചായത്തിന്റെ ആനുകൂല്യം സമീപ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഗുണഭോക്താക്കൾ കൈപ്പറ്റി |
| 48 | 1-48 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 49 | 1-49 | 2015 ൽ നൽകിയ മുൻകൂർ ക്രമീകരിച്ചില്ല |
| 50 | 1-50 | സർക്കാരിലേക്ക് അടക്കുവാനുള്ള തുകകൾ പഞ്ചായത്ത് ഫണ്ടിൽ തുടരുന്നു. |
| 51 | 1-51 | പദ്ധതികാലയളവ് കഴിഞ്ഞവയുടെ ബാക്കി തുക തിരിച്ചടക്കേണ്ടതാണ്. |
| ഭാഗം -2 | | |
| 52 | 2-1 | വസ്തുനികുതി-വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിസ്തൃതിക്കനുസൃതമായി നികുതി ചുമത്തിയില്ല. |
| ഭാഗം -3 | | |
| 53 | 3-1 | തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണത്തിൽ ഗുരുതരമായ അപാകത-തെറ്റായ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവർത്തി നിർവ്വഹണം നടത്തുക വഴി 1.05 കോടി രൂപയുടെ അധിക ചെലവ്. |
| 54 | 3-2 | ഒരേ കാലയലവിൽ പഞ്ചായത്തിൽ നടത്തിയ ഒരേയിനം പ്രവർത്തിക്ക് വ്യത്യസ്ത നിരക്ക് അനുവദിക്കുകമൂലം 1,31,742/- രൂപയുടെ അധിക ചെലവ് |
| 55 | 3-3 | ബിൽ തുകയിൽ അധികരിച്ച ചെലവ് നിരാകരിക്കുന്നു. |
| ഭാഗം -4 | | |
| 56 | 4-1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 57 | 4-2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 58 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 59 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 60 | 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 61 | 4-6 | സ്ഥിര നിക്ഷേപം |
| 62 | 4-7 | ഓഡിറ്റ് റിക്കവറി |
| 63 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| | | |

| | | |
|---|---|---|
| 64 | 4-9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 65 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 66 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 67 | അനുബന്ധം-1 | |
| 68 | അനുബന്ധം-2 | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 23.03.2018 ലെ പഞ്ചായത്ത് സമിതി യോഗത്തിൽ അവതരിപ്പിക്കുകയും 26.03.2018 ലെ I നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വരവ് | 28,21,07,500 |
| ചെലവ് | 27,55,89,000 |
| നീക്കിയിരിപ്പ് | 65,18,500 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 15.05.2019 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2018-19 | 21.08.2019, 22.08.2019 | 2കെ.എസ്.എ-എ.എൽ.പി-പി7/903/19 തീ.11.10.2019 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,42,72,021 |
| വരവ് | 10,65,56,918 |
| ആകെ | 13,08,28,939 |
| ചെലവ് | 10,39,40,490 |
| നീക്കിയിരിപ്പ് | 2,68,88,449 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്- | 0 | 22101711 | 22101711 | 21666188 | 435523 |

| | | | | | |
|---|---|---|---|---|---|
| ജനറൽ (ACR പ്രകാരം) | | | | | |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 15707000 | 15707000 | 11493905 | 4213095 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 213000 | 213000 | 176798 | 36202 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 11846000 | 11846000 | 11758909 | 87091 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4559000 | 4559000 | 4559000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 12472693 | 12472693 | 10173723 | 2298970 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 175 | 141994095 | 131 | 80266127 | 22 | 44 | 74.8% |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ (including meterials) | 28717 | 6938802 | 6967519 | 6964051 | 3468 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 33964900 | 33964900 | 33964900 | - |
| ആകെ | 28717 | 40903702 | 40932419 | 40928951 | 3468 |

കുറിപ്പ്: ഭരണചെലവുകൾ തനതുഫണ്ടിൽ നിന്നും മുൻകൂറായി ലഭിച്ച തുകയുടെ ചെലവും കൂടി ഉൾപ്പെടുന്നു.

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 163680 | ഒന്നാംഘട്ടം- 102<br>രണ്ടാം ഘട്ടം-72 |
| കർഷകതൊഴിലാളി പെൻഷൻ | 3781400 | 934 |
| വിധവാപെൻഷൻ | 6229600 | 1519 |
| വാർദ്ധക്യകാലപെൻഷൻ | 11506400 | 2764 |
| | | |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 1949700 | 446 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 362000 | 88 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 210000 | 7 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04-10-2019 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 106370/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1.നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതിയും ഫലപ്രാപ്തിയും കൃത്യമായി വിലയിരുത്തപ്പെടുന്നില്ല.

2.പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കപ്പെടുന്നതായി മിനിറ്റ്സിൽ രേഖയില്ല.

3.വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകത മൂലം പഞ്ചായത്തിന് ഈ ഇനത്തിൽ വരുമാന നഷ്ടമുണ്ടാകുന്നുണ്ട്.

4.ഹെഡ്കോയിൽ നിന്നും ലഭിച്ച ലോൺ സംബന്ധിക്കുന്ന വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ഇ.എം.എസ് ലോൺ തിരിച്ചടവിന്റെ കൃത്യത യഥാസമയം നിരീക്ഷിക്കപ്പെടുന്നില്ല. ഇതുമൂലം ലോൺ തുകയിനത്തിൽ ബാങ്കിന് അധിക തുക പിൻവലിച്ച് നൽകുവാൻ ഇടവന്നിട്ടുണ്ട്.

5.പഞ്ചായത്തിന്റെ അധീനതയിലുള്ള വാഹനത്തിന്റെ ലോഗ് ബുക്കിൽ ഡീസൽ ഉപഭോഗത്തിന്റെ സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

6.കൈകാര്യം ചെയ്യുന്ന ഫയലുകളുടെ വിശദാംശങ്ങൾ അടങ്ങിയ പേഴ്സണൽ രജിസ്റ്റർ സെക്ഷനുകളിൽ മാനുവലായി തയ്യാറാക്കപ്പെടുകയോ ആയത് മേൽ പരിശോധന നടത്തുകയോ ചെയ്യിട്ടില്ല. ഫയൽ ട്രാക്കിംഗിനായുള്ള സൂചികാ സോഫ്റ്റ് വെയർ പഞ്ചായത്തിൽ നിലവിലുണ്ടെങ്കിലും കൈകാര്യം ചെയ്യുന്ന തപാലുകളുടെ വിവരം കാലികമാക്കപ്പെടാത്തതുമൂലം ഓരോ സെക്ഷനുകളിലും തീർപ്പാക്കുവാൻ വൻ കുടിശ്ശികയുള്ളതായാണ് പ്രസ്തുത സോഫ്റ്റ് വേയറിലെ വിവരണം വ്യക്തമാകുന്നത്.

7.തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്ന പ്രവർത്തികളും അവയുടെ നിർവ്വഹണ രേഖകളും കൃത്യമായ മേൽ പരിശോധന നടത്താതിരിക്കുക വഴി വൻ തുകയുടെ അധികചെലവിനിടയാക്കിയിട്ടുണ്ട്.

അപാകങ്ങൾ പരിഹരിക്കുന്നതിനായി ഭരണ സമിതിയുടെ ശ്രദ്ധയിൽ പ്പെടുത്തുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29-08-19 | 07/19 | 04/09/19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13/12/2018 | 2013-14 മുതൽ 2017-18 വരെ | 04/02/19 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷിക കണക്കുകളിലെ അപാകതകൾ 11.10.2019 ലെ KSA-ALP-P7/903/19 നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. ടി അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടാതെ വാർഷിക ഓഡിറ്റ് സമയത്ത് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(വാർഷിക കണക്കുകളുടെ പരിശോധന റിപ്പോർട്ട് ചുറപ്പെടുവിച്ചില്ല.)

1)എ.എഫ്.എസ്സിലെ B-17 RP 40(b) എന്നീ പട്ടികകൾ പ്രകാരം 450230101 എന്ന ഹെഡ്ഡ് പ്രകാരമുള്ള ബാങ്ക് അക്കൗണ്ടിൽ 134285/- രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. എന്നാൽ ഇപ്രകാരം ഒരു അക്കൗണ്ട് നിലവിലില്ല. ഫ്രണ്ട് ഓഫീസിലെ ജീവനക്കാരൻ തെറ്റായി ബാങ്ക് തെരെഞ്ഞെടുത്തത് കാരണം സംഭവിച്ചതാണെന്ന് വിശദീകരിച്ചിട്ടുണ്ട്.

2) ACR പ്രകാരമുള്ള വികസനഫണ്ട് ചെലവും വാർഷിക കണക്കുകൾ പ്രകാരമുള്ള വികസനഫണ്ട് ചെലവും തമ്മിൽ ഒരുലക്ഷം രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

3) ബാലൻസ് ഷീറ്റിലെ പെൻഷൻ കോൺട്രിബ്യൂഷൻ ഹെഡ്ഡിൽ (350110104) 31.03.2019 ൽ 128090/- രൂപ അടക്കുവാനവശേഷിക്കുന്നു. എന്നാൽ ഈ ഇനത്തിൽ പഞ്ചായത്തിന് കുടിശ്ശികയില്ലാത്തതിനാൽ മാർച്ച് മാസത്തിലെ ശമ്പളത്തിന്റെ ഭാഗമായി അടക്കേണ്ട പെൻഷൻ കോൺട്രിബ്യൂഷൻ തുകയായ മാത്രമാണ് ഉൾപ്പെടേണ്ടിയിരുന്നത്. മാർച്ച് മാസത്തിലെ പെൻഷൻ കോൺട്രിബ്യൂഷൻ 41870/- രൂപ മാത്രമാണ്.

4)350200199 എന്ന ഹെഡ്ഡിൽ 29132/- രൂപ 31.03.2019 ൽ അവശേഷിക്കുന്നു. ലെഡ്ജർ പരിശോധിച്ചതിൽ ഇത് NPS ബാധകമാക്കിയ ജീവനക്കാരുടെ വിഹിതമാണെന്ന് കാണുന്നു. ടി ഹെഡ്ഡിൽ മാർച്ചിലെ വിഹിതം മാത്രമാണ് ഉൾപ്പെടേണ്ടത്. എന്നാൽ ഈ ഹെഡ്ഡിൽ കൂടുതൽ തുക അവശേഷിക്കുന്നു.

5)NPS ബാധകമാക്കിയ ജീവനക്കാരുടെ സംഗതിയിൽ എംപ്ലോയറുടെ വിഹിതം (3/19 ലെ പഞ്ചായത്ത് വിഹിതം) ബാലൻസ് ഷീറ്റിലെ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

6)മെഡിക്കൽ ഓഫീസർമാർക്ക് മരുന്ന് വാങ്ങുന്നതിന് നൽകിയ തുകകൾക്കുള്ള മരുന്ന് പൂർണ്ണമായും സ്ഥാപനങ്ങൾക്ക് ലഭിച്ചില്ല. എന്നാലിത് വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല. (ഖണ്ഡിക നം.1-40 കാണുക) വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പ്രോജക്ട് നടത്തിപ്പിനായി തുക കൈമാറുമ്പോൾ തന്നെ ചെലവായി രേഖപ്പെടുത്തലുകൾ നടത്തുന്നതിനാലാണ് ഇപ്രകാരം സംഭവിക്കുന്നത്.

7) വസ്തുനികുതി ഓൺലൈനായി സ്വീകരിക്കുന്നതിന് ആരംഭിച്ച അക്കൗണ്ടിൽ പൊരുത്തപ്പെടുത്തലുകൾ നടത്തിയിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരം എസ്.ബി.ഐ (നം.67397771825) അക്കൗണ്ടിലെ തുക 403587/- രൂപയും ബാങ്ക് പാസ്സ് ബുക്ക് പ്രകാരം 252691/- രൂപയുമാണ്. ചെക്ക്/ഡി.ഡി ക്രഡിറ്റ് ചെയ്യുകയോ ചെക്ക് മുഖേന പണം പിൻവലിക്കുകയോ ചെയ്യാത്ത ടി അക്കൗണ്ടിൽ ഐ.കെ.എമ്മിന്റെ ഓൺ ലൈൻ പൂൾ ആക്കൗണ്ടിൽ നിന്നും തുക ട്രാൻസ്ഫർ ചെയ്യുന്നതിന് കാലതാമസ്സമുണ്ടാകുന്നതിനാലാണ് ഇപ്രകാരം സംഭവിക്കുന്നതെന്ന് വിശദീകരിച്ചിട്ടുണ്ട്. ബാങ്ക് ബുക്കും പാസ്സ് ബുക്കും പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതും പൂൾ അക്കൗണ്ടിൽ നിന്നും താമസം വിന പണം കൈമാറി ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

8) സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നുള്ള വരവുകളായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകൾ പഞ്ചായത്തിലെ ഇതു സംബന്ധമായ രജിസ്റ്ററുകൾ/രേഖകളുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്കുകളിലെ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-13 തൊഴിൽ നികുതി ചുമത്തുന്നതിലും ഈടാക്കുന്നതിലും അപാകത നിലനിൽക്കുന്നു.

1994 ലെ കേരള പഞ്ചയത്ത് രാജ് നിയമം വകുപ്പ് 204, 205 വകുപ്പുകൾ അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അമ്പത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം/ വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ ഇനത്തിൽ ലഭിക്കാവുന്ന മുഴുവൻ തൊഴിൽ നികുതി വരുമാനവും ഈടാക്കുന്നതിന് ശ്രമിക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ജീവനക്കാരെ തൊഴിൽ നികുതി ചുമത്തിയില്ല

ഗ്രാമ പഞ്ചായത്തിൽ നിന്നും 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് നേടി പ്രവർത്തിച്ചുവരുന്ന താഴെ പറയുന്ന വാഹന വിൽപന/സർവ്വീസ് കേന്ദ്രങ്ങളിലെ ജീവനക്കാരെ തൊഴിൽ നികുതി ചുമത്തി ഡിമാൻഡ് ചെയ്തീടാക്കിയിട്ടില്ല.

എ)ഷൈമാസ് ഹോണ്ട,തട്ടാരമ്പലം

ബി)ഗീതം മോട്ടേർസ്, തട്ടാരമ്പലം

സി) പോപ്പുലർ ബജാജ്, തട്ടാരമ്പലം

ഡി) രാജവത്സം സുസുക്കി, തട്ടാരമ്പലം

പ്രമുഖ ഇരുചക്ര വാഹന നിർമ്മാതാക്കളുടെ അംഗീകൃത വിപണന/സർവ്വീസ് കേന്ദ്രങ്ങളായ മേ ൽ സ്ഥാപനങ്ങളിലെ ജീവനക്കാരെ നികുതി ചുമത്തുന്നതാണെന്ന് ഇത് സംബന്ധിക്കുന്ന ഓഡിറ്റ് അന്വേഷണത്തിനുള്ള (നം-4/26-09-19) മറുപടിയിൽ സെക്രട്ടറി അറിയിച്ചു. തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

2) <u>പ്രമുഖ ധനകാര്യ സ്ഥാപനങ്ങളെയും ജീവനക്കാരെയും തൊഴിൽ നികുതി ചുമത്തിയില്ല.</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന ധനകാര്യസ്ഥാപനങ്ങളെയും ജീവനക്കാരെയും തൊഴിൽ നികുതി ചുമത്തിയതായി കാണുന്നില്ല.

എ).യോഗക്ഷേമം ലോൺസ് ലിമിറ്റഡ്, ചെട്ടികുളങ്ങര

ബി).മുത്തൂറ്റ് മിനി ഫൈനാൻസിയേഴ്സ് ലിമിറ്റഡ്, ചെട്ടികുളങ്ങര

സി).മണിമുറ്റത്ത് നിധി ലിമിറ്റഡ്, ചെട്ടികുളങ്ങര

നോൺ ബാങ്കിംഗ് ഫിനാൻസ് സ്ഥാപനങ്ങളെയും ജീവനക്കാരെയും നികുതി ചുമത്തുന്നതാണെന്ന് ഇതു സംബന്ധിക്കുന്ന ഓഡിറ്റ് അന്വഷണത്തിനുള്ള മറുപടിയിൽ സെക്രട്ടറി അറിയിച്ചു. തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

3. <u>സ്ഥാപനങ്ങൾക്കുള്ള തൊഴിൽ നികുതി ചുമത്തിയില്ല.</u>

പഞ്ചായത്തിന്റെ സ്ഥാപനനികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഒടുക്കിയതായി കാണുന്നില്ല.

എ)മുത്തൂറ്റ് ഫിൻകോർപ്പ്, ചെട്ടികുളങ്ങര (രണ്ട് അർദ്ധവർഷങ്ങൾ)

ബി) മുത്തൂറ്റ് ഫിൻകോർപ്പ്, കരിപ്പുഴ (രണ്ട് അർദ്ധവർഷങ്ങൾ)

സി) ബി.എസ്.എൻ.എൽ, ചെട്ടികുളങ്ങര (രണ്ട് അർദ്ധവർഷങ്ങൾ)

ഡി)കേരള സംസ്ഥാന നിർമ്മിതി കേന്ദ്ര, ചെട്ടികുളങ്ങര (രണ്ട് അർദ്ധവർഷങ്ങൾ)

സ്ഥാപനങ്ങൾക്കുള്ള തൊഴിൽ നികുതി ചുമത്തി ഡിമാൻഡ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

4) <u>പഞ്ചായത്ത് പരിധിയിലെ ലോഡ്ജുകൾ, ഓഡിറ്റോറിയങ്ങൾ, കൺവെൻഷൻ സെന്ററുകൾ എന്നിവയെ തൊഴിൽ നികുതി ചുമത്തിയില്ല.</u>

വസ്തുനികുതി സംബന്ധിക്കുന്ന സഞ്ചയ ഡേറ്റാബേസിൽ ചുവടെ ചേർക്കുന്ന വ്യക്തികളുടെ കെട്ടിടങ്ങളെ ലോഡ്ജുകളോ ഓഡിറ്റോറിയങ്ങളോ ആയി ഉപയോഗക്രമം നിശ്ചയിച്ച് നികുതി ചുമത്തിയിട്ടുണ്ട്.

| | |
|---|---|
| 1/158 | ഏലിയാമ്മ, എവി വില്ല |
| 1/159 | ഏലിയാമ്മ പ്ലാവിള തെക്കേതിൽ |
| 5/336A | മറിയാമ്മ സാമുവൽ |
| 9/494 A | സുരേഷ്.എസ് |
| 10/252,253,254,255 | സേതുനാഥൻ |
| 10/515M 1-10 | ചന്ദ്രപ്രസാദ് |
| 19/427 B | ജയപ്രകാശ് താരാഭായ് |
| 19/460 | ബിജോയ് ആർ പണിക്കർ |

| | |
|---|---|
| 19/658 | എം.സദാശിവൻ, ജഗദ സദാശിവൻ |

പഞ്ചായത്ത് പരിധിയിലെ ഓഡിറ്റോറിയങ്ങളുടെയും കൺവെൻഷൻ സെന്ററുകളുടെയും പട്ടിക തയ്യാറാക്കി ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം-4/26.09.2019) മറുപടി പ്രകാരം പഞ്ചായത്ത് പരിധിയിൽ താഴെ പറയുന്ന ഓഡിറ്റോറിയങ്ങൾ/കൺവെൻഷൻ സെന്ററുകൾ പ്രവർത്തിക്കുന്നതായി സെക്രട്ടറി അറിയിച്ചു.

| കെട്ടിട നം. | ഓഡിറ്റോറിയത്തിന്റെ പേര് |
|---|---|
| 1/158,159 | ഗ്രേസ് ഓഡിറ്റോറിയം |
| IX/494 A | പ്രീതി കൺവെൻഷൻ സെന്റർ |
| XIX/460 | ദിവ്യാ ഓഡിറ്റോറിയം |
| XIX/658 | അനുഗ്രഹാ ഓഡിറ്റോറിയം |

ടി ലോഡ്ജുകളെയും ഓഡിറ്റോറിയങ്ങൾ/കൺവെൻഷൻ സെന്ററുകളെയും നികുതിചുമത്തുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. ഓഡിറ്റോറിയങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങൾ ലോഡ്ജുകളാണെങ്കിൽ ലോഡ്ജുടമകളെയും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. തൊഴിൽ നികുതി ചുമത്തി ഡിമാൻഡ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി- സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ, ആയുർവേദ സുഖചികിത്സ കേന്ദ്രങ്ങൾ എന്നിവയുടെ നികുതി നിരക്ക് നിശ്ചയിച്ചില്ല

സ.ഉ(അ) നം-19/2011/തസ്വഭവ തീയതി. 14.01.2011 പ്രകാരം വസ്തുനികുതി കണക്കാക്കുന്നതിന് വ്യത്യസ്ത ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളുടെയും അവയുടെ ഉപ വിഭാഗങ്ങളുടെയും ഒരു ചതുരശ്രമീറ്ററിന് ബാധകമായ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ സർക്കാർ ഉത്തരവാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന് ബാധകമായ നിരക്ക് പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുമുണ്ട്. എന്നാലിതിന് സ.ഉ(അ) നം-36/2015/തസ്വഭവ തീയതി. 24.02.2015 പ്രകാരം ഒരുഭേദഗതി ഉത്തരവുണ്ടായി. ഈ ഉത്തരവ് പ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ക്യാന്റീൻ – ഓഡിറ്റോറിയം - വർക്ക് ഷോപ്പ്, എം.എസ്.എം.ഇ.ഡെവലപ്പ്മെന്റ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തവ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, ആയുർ വേദ സുഖചികിത്സ കേന്ദ്രങ്ങൾ എന്നിവക്ക് ഒരു ചതുരശ്രമീറ്ററിന് ചുമത്താവുന്ന കുറഞ്ഞതും കൂടിയതുമായ നിരക്കുകൾ സർക്കാർ വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ ഇത് പ്രകാരം പഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട നിരക്ക് പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടില്ല. ഈ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 വസ്തുനികുതി-വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിസ്തൃതിക്കനുസൃതമായി നികുതി ചുമത്തിയില്ല.

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.2011 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/തസ്വഭവയിലെ നിർദ്ദേശ പ്രകാരം പഞ്ചായത്ത് 100 ച.മീറ്റർ വരെയുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 40/- രൂപയും 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 60/- രൂപയും 200ച.മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യകെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 90/- രൂപയുമാണ് നികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരിക്കുന്നത്. എന്നാൽ ഓഡിറ്റ് പരിശോധനയിൽ ചില വാണിജ്യാവശ്യകെട്ടിടങ്ങളെ അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നം- തറവിസ്തീർണ്ണം | ആകെതറ വിസ്തീർണ്ണം | ചുമത്തിയ വസ്തു നികുതി | ചുമത്തേണ്ട വസ്തുനികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | ശ്രീ.മാത്യു വർഗ്ഗീസ്, മുല്ലേലത്ത് | 1/148B-20.91 | 357.18m$^2$ | @40/m2<br>അടിസ്ഥാന വസ്തുനികുതി-836.4 | @90/m2<br>അടിസ്ഥാന വസ്തുനികുതി-1881.9 | വസ്തുനികുതി-1255<br>ലൈ.സെസ്സ്-62 |

| | | | | | | |
|---|---|---|---|---|---|---|
| | | | | വർദ്ധനവ് 20%<br>-വഴി സൗകര്യം-167.28<br>വസ്തുനികുതി-1004<br>ലൈ.സെസ്സ്-51 | വർദ്ധനവ് 20%<br>-വഴി സൗകര്യം-376.38<br>വസ്തുനികുതി-2259<br>ലൈ.സെസ്സ്-113 | |
| | | 1/148C-22.7 | 357.18m$^2$ | @40/m2<br>അടിസ്ഥാന വസ്തുനികുതി-908<br>വർദ്ധനവ് 20%<br>-വഴി സൗകര്യം-181.6<br>വസ്തുനികുതി-1090<br>ലൈ.സെസ്സ്-55 | @90/m2<br>അടിസ്ഥാന വസ്തുനികുതി-2043<br>വർദ്ധനവ് 20%<br>-വഴി സൗകര്യം-408.6<br>വസ്തുനികുതി-2452<br>ലൈ.സെസ്സ്-123 | വസ്തുനികുതി-1362<br>ലൈ.സെസ്സ്-68 |
| | | 1/148D-23.33 | 357.18m$^2$ | @40/m2<br>അടിസ്ഥാന വസ്തുനികുതി-933.2<br>വർദ്ധനവ് 20%<br>-വഴി സൗകര്യം-186.64<br>വസ്തുനികുതി-1120<br>ലൈ.സെസ്സ്-56 | @90/m2<br>അടിസ്ഥാന വസ്തുനികുതി-2099.7<br>വർദ്ധനവ് 20%<br>-വഴി സൗകര്യം-419.94<br>വസ്തുനികുതി-2520<br>ലൈ.സെസ്സ്-126 | വസ്തുനികുതി-1400<br>ലൈ.സെസ്സ്-70 |
| | | 1/148E-18.1 | 357.18m$^2$ | @40/m2<br>അടിസ്ഥാന വസ്തുനികുതി-724<br>വർദ്ധനവ് 20%<br>-വഴി സൗകര്യം-144.8<br>വസ്തുനികുതി-869<br>ലൈ.സെസ്സ്-44 | @90/m2<br>അടിസ്ഥാന വസ്തുനികുതി-1629<br>വർദ്ധനവ് 20%<br>-വഴി സൗകര്യം-325.8<br>വസ്തുനികുതി-1955<br>ലൈ.സെസ്സ്-98 | വസ്തുനികുതി-1086<br>ലൈ.സെസ്സ്-54 |
| | | 1/148F-19.6 | 357.18m$^2$ | @40/m2<br>അടിസ്ഥാന വസ്തുനികുതി-784<br>വർദ്ധനവ് 20%<br>-വഴി സൗകര്യം-156.8<br>വസ്തുനികുതി-941<br>ലൈ.സെസ്സ്-48 | @90/m2<br>അടിസ്ഥാന വസ്തുനികുതി-1764<br>വർദ്ധനവ് 20%<br>-വഴി സൗകര്യം-352.8<br>വസ്തുനികുതി-2117<br>ലൈ.സെസ്സ്-106 | വസ്തുനികുതി-1176<br>ലൈ5.സെസ്സ്-58 |
| | | 1/148G-21.78 | 357.18m$^2$ | @40/m2<br>അടിസ്ഥാന വസ്തുനികുതി-871.2<br>വർദ്ധനവ് 20%<br>-വഴി സൗകര്യം-174.24<br>വസ്തുനികുതി-1046<br>ലൈ.സെസ്സ്-53 | @90/m2<br>അടിസ്ഥാന വസ്തുനികുതി-1960.2<br>വർദ്ധനവ് 20%<br>-വഴി സൗകര്യം-392.04<br>വസ്തുനികുതി-2353<br>ലൈ.സെസ്സ്-118 | വസ്തുനികുതി-1307<br>ലൈ.സെസ്സ്-65 |
| | | 1/148H-20.89 | 357.18m$^2$ | @40/m2<br>അടിസ്ഥാന വസ്തുനികുതി-835.6<br>വർദ്ധനവ് 20%<br>-വഴി സൗകര്യം-167.12<br>വസ്തുനികുതി-1003<br>ലൈ.സെസ്സ്-51 | @90/m2<br>അടിസ്ഥാന വസ്തുനികുതി-1880.1<br>വർദ്ധനവ് 20%<br>-വഴി സൗകര്യം-376.02<br>വസ്തുനികുതി-2257<br>ലൈ.സെസ്സ്-113 | വസ്തുനികുതി-1254<br>ലൈ.സെസ്സ്-62 |
| | | 1/148I-11.03 | 357.18m$^2$ | @40/m2<br>അടിസ്ഥാന വസ്തുനികുതി-441.2<br>വർദ്ധനവ് 20%<br>-വഴി സൗകര്യം-88.24<br>വസ്തുനികുതി-530<br>ലൈ.സെസ്സ്-27 | @90/m2<br>അടിസ്ഥാന വസ്തുനികുതി-992.7<br>വർദ്ധനവ് 20%<br>-വഴി സൗകര്യം-198.54<br>വസ്തുനികുതി-1192<br>ലൈ.സെസ്സ്-60 | വസ്തുനികുതി-662<br>ലൈ.സെസ്സ്-33 |
| | | 1/148J-86.04 | 357.18m$^2$ | @40/m2 | @90/m2 | വസ്തുനികുതി-5163 |

| | | | | | | |
|---|---|---|---|---|---|---|
| | | | | അടിസ്ഥാന വസ്തുനികുതി-3441.6<br>വർദ്ധനവ് 20% -വഴി സൗകര്യം-688.32<br>വസ്തുനികുതി-4130<br>ലൈ.സെസ്സ്-207 | അടിസ്ഥാന വസ്തുനികുതി-7743.6<br>വർദ്ധനവ് 20% -വഴി സൗകര്യം-1548.72<br>വസ്തുനികുതി-9293<br>ലൈ.സെസ്സ്-465 | ലൈ.സെസ്സ്-258 |
| | | 1/148K-112.8 | 357.18$m^2$ | @60/m2<br>അടിസ്ഥാന വസ്തുനികതി-6768<br>വർദ്ധനവ് 20% -വഴി സൗകര്യം-1353.6<br>വസ്തുനികതി-8122<br>ലൈ.സെസ്സ്-407 | @90/m2<br>അടിസ്ഥാന വസ്തുനികുതി-10152<br>വർദ്ധനവ് 20% -വഴി സൗകര്യം-2030.4<br>വസ്തുനികതി-12183<br>ലൈ.സെസ്സ്-610 | വസ്തുനികതി-4061<br>ലൈ.സെസ്സ്-203 |
| 2 | ശ്രീ.ശശിധരൻനായർ<br>ശ്രീനിലയം<br>ഈരേഴ സൗത്ത് | 9/435 A-63.68 | 129.53 | @40/m2<br>അടിസ്ഥാന വസ്തുനികതി-2547.2<br>വസ്തുനികതി-2548<br>ലൈ.സെസ്സ്-128 | @60/m2<br>അടിസ്ഥാന വസ്തുനികുതി-3820.8<br>വസ്തുനികുതി-3821<br>ലൈ.സെസ്സ്-192 | വസ്തുനികുതി-1273<br>ലൈ.സെസ്സ്-64 |
| | | 9/435 B-22.2 | 129.53 | @40/m2<br>അടിസ്ഥാന വസ്തുനികതി-888<br>വസ്തുനികതി-888<br>ലൈ.സെസ്സ്-45 | @60/m2<br>അടിസ്ഥാന വസ്തുനികുതി-1332<br>വസ്തുനികുതി-1332<br>ലൈ.സെസ്സ്-67 | വസ്തുനികതി-444<br>ലൈ.സെസ്സ്-22 |
| | | 9/435 C-22.2 | 129.53 | @40/m2<br>അടിസ്ഥാന വസ്തുനികതി-888<br>വസ്തുനികതി-888<br>ലൈ.സെസ്സ്-45 | @60/m2<br>അടിസ്ഥാന വസ്തുനികുതി-1332<br>വസ്തുനികുതി-1332<br>ലൈ.സെസ്സ്-67 | വസ്തുനികതി-444<br>ലൈ.സെസ്സ്-22 |
| | | 9/435 D-21.45 | 129.53 | @40/m2<br>അടിസ്ഥാന വസ്തുനികതി-858<br>വസ്തുനികതി-858<br>ലൈ.സെസ്സ്-43 | @60/m2<br>അടിസ്ഥാന വസ്തുനികുതി-1287<br>വസ്തുനികുതി-1287<br>ലൈ.സെസ്സ്-65 | വസ്തുനികുതി-429<br>ലൈ.സെസ്സ്-22 |
| 3 | ശശിധരൻനായർ, ഭഗവതിപടിക്കൽ തറയിൽ,മേനമ്പള്ളി | 14/211 A-39.26 | 157.04 | @40/m2<br>അടിസ്ഥാന വസ്തുനികതി-1570.4<br>വർദ്ധനവ് 20% -വഴി സൗകര്യം-314.08<br>വസ്തുനികതി-1885<br>ലൈ.സെസ്സ്-95 | @60/m2<br>അടിസ്ഥാന വസ്തുനികുതി-2355.6<br>വർദ്ധനവ് 20% -വഴി സൗകര്യം-471.12.<br>വസ്തുനികുതി-2827<br>ലൈ.സെസ്സ്-142 | വസ്തുനികുതി-942<br>ലൈ.സെസ്സ്-48 |
| | | 14/211 B-39.26 | 157.04 | @40/m2<br>അടിസ്ഥാന വസ്തുനികതി-1570.4<br>വർദ്ധനവ് 20% -വഴി സൗകര്യം-314.08<br>വസ്തുനികതി-1885<br>ലൈ.സെസ്സ്-95 | @60/m2<br>അടിസ്ഥാന വസ്തുനികുതി-2355.6<br>വർദ്ധനവ് 20% -വഴി സൗകര്യം-471.12<br>വസ്തുനികുതി-2827<br>ലൈ.സെസ്സ്-143 | വസ്തുനികുതി-942<br>ലൈ.സെസ്സ്-48 |
| | | 14/211 C-39.26 | 157.04 | @40/m2<br>അടിസ്ഥാന വസ്തുനികതി-1570.4<br>വർദ്ധനവ് 20% -വഴി സൗകര്യം-314.08<br>ഇളവ്-വാണിജ്യാവശ്യത്തിനുള്ള ഒന്നാംനില @5%-94.25 | @60/m2<br>അടിസ്ഥാന വസ്തുനികുതി-2355.6<br>വർദ്ധനവ് 20% -വഴി സൗകര്യം-471.12<br>ഇളവ്-വാണിജ്യാവശ്യത്തിനുള്ള ഒന്നാംനില @5%-141.336 | വസ്തുനികുതി-895<br>ലൈ.സെസ്സ്-45 |

| | | | | | | |
|---|---|---|---|---|---|---|
| | | | | വസ്തുനികുതി-1791<br>ലൈ.സെസ്സ്-90 | വസ്തുനികുതി-2686<br>ലൈ.സെസ്സ്-135 | |
| | | 14/211 D-39.26 | 157.04 | @40/m2<br>അടിസ്ഥാന വസ്തുനികുതി-1570.4<br>വർദ്ധനവ് 20% -വഴി സൗകര്യം-314.08<br>ഇളവ്- വാണിജ്യാവശ്യത്തിനുള്ള ഒന്നാംനില @5%-94.25<br>വസ്തുനികുതി-1791<br>ലൈ.സെസ്സ്-90 | @60/m2<br>അടിസ്ഥാന വസ്തുനികുതി-2355.6<br>വർദ്ധനവ് 20% -വഴി സൗകര്യം-471.12<br>ഇളവ്- വാണിജ്യാവശ്യത്തിനുള്ള ഒന്നാംനില @5%-141.336<br>വസ്തുനികുതി-2686<br>ലൈ.സെസ്സ്-135 | വസ്തുനികുതി-895<br>ലൈ.സെസ്സ്-45 |
| 4 | രാധാകൃഷ്ണപിള്ള, കൃഷ്ണഭവനം, ഭഗവതിപ്പടി | 14/219A-43m2 | 215m2 | @40/m2<br>അടിസ്ഥാന വസ്തുനികുതി-1720<br>വർദ്ധനവ് 20% -വഴി സൗകര്യം-344<br>വസ്തുനികുതി-2064<br>ലൈ.സെസ്സ്-104 | @90/m2<br>അടിസ്ഥാന വസ്തുനികുതി-3870<br>വർദ്ധനവ് 20% -വഴി സൗകര്യം-774<br>വസ്തുനികുതി-4644<br>ലൈ.സെസ്സ്-233 | വസ്തുനികുതി-2580<br>ലൈ.സെസ്സ്-129 |
| | | 14/219B-43m2 | 215m2 | @40/m2<br>അടിസ്ഥാന വസ്തുനികുതി-1720<br>വർദ്ധനവ് 20% -വഴി സൗകര്യം-344<br>വസ്തുനികുതി-2064<br>ലൈ.സെസ്സ്-104 | @90/m2<br>അടിസ്ഥാന വസ്തുനികുതി-3870<br>വർദ്ധനവ് 20% -വഴി സൗകര്യം-774<br>വസ്തുനികുതി-4644<br>ലൈ.സെസ്സ്-233 | വസ്തുനികുതി-2580<br>ലൈ.സെസ്സ്-129 |
| | | 14/219C-43m2 | 215m2 | @40/m2<br>അടിസ്ഥാന വസ്തുനികുതി-1720<br>വർദ്ധനവ് 20% -വഴി സൗകര്യം-344<br>വസ്തുനികുതി-2064<br>ലൈ.സെസ്സ്-104 | @90/m2<br>അടിസ്ഥാന വസ്തുനികുതി-3870<br>വർദ്ധനവ് 20% -വഴി സൗകര്യം-774<br>വസ്തുനികുതി-4644<br>ലൈ.സെസ്സ്-233 | വസ്തുനികുതി-2580<br>ലൈ.സെസ്സ്-129 |
| | | 14/219D-43m2 | 215m2 | @40/m2<br>അടിസ്ഥാന വസ്തുനികുതി-1720<br>വർദ്ധനവ് 20% -വഴി സൗകര്യം-344<br>വസ്തുനികുതി-2064<br>ലൈ.സെസ്സ്-104 | @90/m2<br>അടിസ്ഥാന വസ്തുനികുതി-3870<br>വർദ്ധനവ് 20% -വഴി സൗകര്യം-774<br>വസ്തുനികുതി-4644<br>ലൈ.സെസ്സ്-233 | വസ്തുനികുതി-2580<br>ലൈ.സെസ്സ്-129 |
| | | 14/219E-43m2 | 215m2 | @40/m2<br>അടിസ്ഥാന വസ്തുനികുതി-1720<br>വർദ്ധനവ് 20% – വഴി സൗകര്യം-344<br>വസ്തുനികുതി-2064<br>ലൈ.സെസ്സ്-104 | @90/m2<br>അടിസ്ഥാന വസ്തുനികുതി-3870<br>വർദ്ധനവ് 20% -വഴി സൗകര്യം-774<br>വസ്തുനികുതി-4644<br>ലൈ.സെസ്സ്-233 | വസ്തുനികുതി-2580<br>ലൈ.സെസ്സ്-129 |
| 5 | ശ്രീകുമാർ<br>കോയിക്കലേത്ത് | 4/249 B-86m2 | 112 m2 | @40/m2<br>അടിസ്ഥാന വസ്തുനികുതി-3440<br>വർദ്ധനവ്-<br>വഴി 20%-688<br>വസ്തുനികുതി-4128<br>ലൈ.സെസ്സ്-207 | @60/m2<br>അടിസ്ഥാന വസ്തുനികുതി-5160<br>വർദ്ധനവ്-<br>വഴി 20%-1032<br>വസ്തുനികുതി-6192<br>ലൈ.സെസ്സ്-310 | വസ്തുനികുതി-2064<br>ലൈ.സെസ്സ്-107 |

| | | | | | | |
|---|---|---|---|---|---|---|
| | | 14/249 C-76 m2 | 112m2 | @40/m2<br>അടിസ്ഥാന വസ്തുനികുതി-3040<br>വർദ്ധനവ്-<br>വഴി 20%-608<br>ഇളവ്-വാണിജ്യാവശ്യത്തിനുള്ള ഒന്നാം നില-@5%-182.4<br>വസ്തുനികുതി-3466<br>ലൈ.സെസ്സ്-174 | @60/m2<br>അടിസ്ഥാന വസ്തുനികുതി-4560<br>വർദ്ധനവ്-<br>വഴി 20%-912<br>ഇളവ്-വാണിജ്യാവശ്യത്തിനുള്ള ഒന്നാം നില-@5%-273.6<br>വസ്തുനികുതി-5199<br>ലൈ.സെസ്സ്-260 | വസ്തുനികുതി-1733<br>ലൈ.സെസ്സ്-86 |
| 6 | ഭാർഗ്ഗവൻ,വാഴത്തറ തെക്കേതിൽ | 3/484 A-24.3 m2 | 193.43m2 | @40/m2<br>അടിസ്ഥാന വസ്തുനികുതി-972<br>വർദ്ധനവ്-<br>വഴി 20%-194.4<br>വസ്തുനികുതി-1167<br>ലൈ.സെസ്സ്-59 | @60/m2<br>അടിസ്ഥാന വസ്തുനികുതി-1458<br>വർദ്ധനവ്-<br>വഴി 20%-291.6<br>വസ്തുനികുതി-1750<br>ലൈ.സെസ്സ്-88 | വസ്തുനികുതി-583<br>ലൈ.സെസ്സ്-29 |
| | | 3/484 B-24.3m2 | 193.43m2 | @40/m2<br>അടിസ്ഥാന വസ്തുനികുതി-972<br>വർദ്ധനവ്-<br>വഴി 20%-194.4<br>വസ്തുനികുതി-1167<br>ലൈ.സെസ്സ്-59 | @60/m2<br>അടിസ്ഥാന വസ്തുനികുതി-1458<br>വർദ്ധനവ്-<br>വഴി 20%-291.6<br>വസ്തുനികുതി-1750<br>ലൈ.സെസ്സ്-88 | വസ്തുനികുതി-583<br>ലൈ.സെസ്സ്-29 |
| | | 3/484 C-24.3m2 | 193.43m2 | @40/m2<br>അടിസ്ഥാന വസ്തുനികുതി-972<br>വർദ്ധനവ്-<br>വഴി 20%-194.4<br>വസ്തുനികുതി-1167<br>ലൈ.സെസ്സ്-59 | @60/m2<br>അടിസ്ഥാന വസ്തുനികുതി-1458<br>വർദ്ധനവ്-<br>വഴി 20%-291.6<br>വസ്തുനികുതി-1750<br>ലൈ.സെസ്സ്-88 | വസ്തുനികുതി-583<br>ലൈ.സെസ്സ്-29 |
| | | 3/484 D-33.8m2 | 193.43m2 | @40/m2<br>അടിസ്ഥാന വസ്തുനികുതി-1352<br>വർദ്ധനവ്-<br>വഴി 20%-270.4<br>ഇളവ്-ഒന്നാംനില-81.15<br>വസ്തുനികുതി-1542<br>ലൈ.സെസ്സ്-78 | @60/m2<br>അടിസ്ഥാന വസ്തുനികുതി-2028<br>വർദ്ധനവ്-<br>വഴി 20%-405.6<br>ഇളവ്-ഒന്നാംനില-121.68<br>വസ്തുനികുതി-2312<br>ലൈ.സെസ്സ്-116 | വസ്തുനികുതി-770<br>ലൈ.സെസ്സ്-38 |
| | | 3/484 E-33.8m2 | 193.43m2 | @40/m2<br>അടിസ്ഥാന വസ്തുനികുതി-1352<br>വർദ്ധനവ്-<br>വഴി 20%-270.4<br>ഇളവ്-ഒന്നാംനില-81.15<br>വസ്തുനികുതി-1542<br>ലൈ.സെസ്സ്-78 | @60/m2<br>അടിസ്ഥാന വസ്തുനികുതി-2028<br>വർദ്ധനവ്-<br>വഴി 20%-405.6<br>ഇളവ്-ഒന്നാംനില-121.68<br>വസ്തുനികുതി-2312<br>ലൈ.സെസ്സ്-116 | വസ്തുനികുതി-770<br>ലൈ.സെസ്സ്-38 |
| | | 3/484 F-33.8m2 | 193.43m2 | @40/m2<br>അടിസ്ഥാന വസ്തുനികുതി-1352 | @60/m2<br>അടിസ്ഥാന വസ്തുനികുതി-2028 | വസ്തുനികുതി-770<br>ലൈ.സെസ്സ്-38 |

| | | | | | | |
|---|---|---|---|---|---|---|
| | | | | വർദ്ധനവ്-<br>വഴി 20%-270.4<br>ഇളവ്-ഒന്നാംനില-81.15<br>വസ്തുനികുതി-1542<br>ലൈ.സെസ്സ്-78 | വർദ്ധനവ്-<br>വഴി 20%-405.6<br>ഇളവ്-<br>ഒന്നാംനില-121.68<br>വസ്തുനികുതി-2312<br>ലൈ.സെസ്സ്-116 | |
| | | 3/484 G-19.13m2 | 193.43m2 | @40/m2<br>അടിസ്ഥാന<br>വസ്തുനികുതി-765.2<br>വർദ്ധനവ്-<br>വഴി 20%-153.04<br>ഇളവ്-<br>രണ്ടാം നില-91.8<br>വസ്തുനികുതി-827<br>ലൈ.സെസ്സ്-42 | @60/m2<br>അടിസ്ഥാന<br>വസ്തുനികുതി-1147.8<br>വർദ്ധനവ്-<br>വഴി 20%-229.56<br>ഇളവ്-<br>രണ്ടാം നില-137.7<br>വസ്തുനികുതി-1240<br>ലൈ.സെസ്സ്-62 | വസ്തുനികുതി-413<br>ലൈ.സെസ്സ്-20 |
| 7 | പ്രസന്നകുമാർ<br>ദേവനന്ദനം | 19/312 A-149m2 | 329 m2 | @60/m2<br>അടിസ്ഥാന<br>വസ്തുനികുതി-8940<br>വർദ്ധനവ്-<br>വഴി 20%-1788<br>വസ്തുനികുതി-10728<br>ലൈ.സെസ്സ്-537 | @90/m2<br>അടിസ്ഥാന<br>വസ്തുനികുതി-13410<br>വർദ്ധനവ്-<br>വഴി 20%-2682<br>വസ്തുനികുതി-16092<br>ലൈ.സെസ്സ്-805 | വസ്തുനികുതി-<br>5364<br>ലൈ.സെസ്സ്-268 |
| | | 19/312 B-180 m2 | 329 m2 | @60/m2<br>അടിസ്ഥാന<br>വസ്തുനികുതി-10800<br>വർദ്ധനവ്-<br>വഴി 20%-2160<br>ഇളവ്-<br>ഒന്നാംനില-648<br>വസ്തുനികുതി-12312<br>ലൈ.സെസ്സ്-616 | @90/m2<br>അടിസ്ഥാന<br>വസ്തുനികുതി-16200<br>വർദ്ധനവ്-<br>വഴി 20%-3240<br>ഇളവ്-<br>ഒന്നാംനില-972<br>വസ്തുനികുതി-18468<br>ലൈ.സെസ്സ്-924 | വസ്തുനികുതി-6156<br>ലൈ.സെസ്സ്-308 |
| 11 | ശാന്തമ്മ,<br>ദിവാകരൻ,<br>ദിനേശ്.ഡി,<br>സുരേഷ് ഭവനം | 21/401 A-36.9m2 | 332.26 | @40/m2<br>അടിസ്ഥാന<br>വസ്തുനികുതി-1476<br>വർദ്ധനവ്-<br>വഴി 20%-295.2<br>വസ്തുനികുതി-1772<br>ലൈ.സെസ്സ്-89 | @90/m2<br>അടിസ്ഥാന<br>വസ്തുനികുതി-3321<br>വർദ്ധനവ്-<br>വഴി 20%-664.2<br>വസ്തുനികുതി-3986<br>ലൈ.സെസ്സ്-200 | വസ്തുനികുതി-2214<br>ലൈ.സെസ്സ്-111 |
| | | 21/401 B-36.9m2 | 332.26 | @40/m2<br>അടിസ്ഥാന<br>വസ്തുനികുതി-1476<br>വർദ്ധനവ്-<br>വഴി 20%-295.2<br>വസ്തുനികുതി-1772<br>ലൈ.സെസ്സ്-89 | @90/m2<br>അടിസ്ഥാന<br>വസ്തുനികുതി-3321<br>വർദ്ധനവ്-<br>വഴി 20%-664.2<br>വസ്തുനികുതി-3986<br>ലൈ.സെസ്സ്-200 | വസ്തുനികുതി-2214<br>ലൈ.സെസ്സ്-111 |
| | | 21/401 C-36.9m2 | 332.26 | @40/m2<br>അടിസ്ഥാന<br>വസ്തുനികുതി-1476<br>വർദ്ധനവ്-<br>വഴി 20%-295.2<br>വസ്തുനികുതി-1772<br>ലൈ.സെസ്സ്-89 | @90/m2<br>അടിസ്ഥാന<br>വസ്തുനികുതി-3321<br>വർദ്ധനവ്-<br>വഴി 20%-664.2<br>വസ്തുനികുതി-3986 | വസ്തുനികുതി-2214<br>ലൈ.സെസ്സ്-111 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | ലൈ.സെസ്സ്-200 | |
| | | 21/401 D-36.9m2 | 332.26 | @40/m2<br>അടിസ്ഥാന വസ്തുനികുതി-1476<br>വർദ്ധനവ്-വഴി 20%-295.2<br>വസ്തുനികുതി-1772<br>ലൈ.സെസ്സ്-89 | @90/m2<br>അടിസ്ഥാന വസ്തുനികുതി-3321<br>വർദ്ധനവ്-<br>വഴി 20%-664.2<br>വസ്തുനികുതി-3986<br>ലൈ.സെസ്സ്-200 | വസ്തുനികുതി-2214<br>ലൈ.സെസ്സ്-111 |
| | | 21/401 E-36.9m2 | 332.26 | @40/m2<br>അടിസ്ഥാന വസ്തുനികുതി-1476<br>വർദ്ധനവ്-വഴി 20%-295.2<br>വസ്തുനികുതി-1772<br>ലൈ.സെസ്സ്-89 | @90/m2<br>അടിസ്ഥാന വസ്തുനികുതി-3321<br>വർദ്ധനവ്-<br>വഴി 20%-664.2<br>വസ്തുനികുതി-3986<br>ലൈ.സെസ്സ്-200 | വസ്തുനികുതി-2214<br>ലൈ.സെസ്സ്-111 |
| | | 21/401 F-36.9m2 | 332.26 | @40/m2<br>അടിസ്ഥാന വസ്തുനികുതി-1476<br>വർദ്ധനവ്-<br>വഴി 20%-295.2<br>വസ്തുനികുതി-1772<br>ലൈ.സെസ്സ്-89 | @90/m2<br>അടിസ്ഥാന വസ്തുനികുതി-3321<br>വർദ്ധനവ്-<br>വഴി 20%-664.2<br>വസ്തുനികുതി-3986<br>ലൈ.സെസ്സ്-200 | വസ്തുനികുതി-2214<br>ലൈ.സെസ്സ്-111 |
| | | 21/401 G-110.86m2 | 332.26 | @60/m2<br>അടിസ്ഥാന വസ്തുനികുതി-6651.6<br>വർദ്ധനവ്-<br>വഴി 20%-1330.32<br>ഇളവ്-ഒന്നാം നില-399.1<br>വസ്തുനികുതി-7583<br>ലൈ.സെസ്സ്-380 | @90/m2<br>അടിസ്ഥാന വസ്തുനികുതി-9977.4<br>വർദ്ധനവ്-<br>വഴി 20%-1995.48<br>ഇളവ്-<br>ഒന്നാം നില-598.6<br>വസ്തുനികുതി-11375<br>ലൈ.സെസ്സ്-569 | വസ്തുനികുതി-3792<br>ലൈ.സെസ്സ്-189 |
| 12 | അഞ്ജലി/ആരതി, ആരതി നിവാസ് | 19/360 A-34.6 m2 | 103.8m2 | @40/m2<br>അടിസ്ഥാന വസ്തുനികുതി-1384<br>വർദ്ധനവ്-വഴി 20%-276.8<br>വസ്തുനികുതി-1661<br>ലൈ.സെസ്സ്-84 | @60/m2<br>അടിസ്ഥാന വസ്തുനികുതി-2076<br>വർദ്ധനവ്-<br>വഴി 20%-415.2<br>വസ്തുനികുതി-2492<br>ലൈ.സെസ്സ്-125 | വസ്തുനികുതി-831<br>ലൈ.സെസ്സ്-41 |
| | | 19/360 B-34.6 m2 | 103.8m2 | @40/m2<br>അടിസ്ഥാന വസ്തുനികുതി-1384<br>വർദ്ധനവ്-<br>വഴി 20%-276.8<br>വസ്തുനികുതി-1661<br>ലൈ.സെസ്സ്-84 | @60/m2<br>അടിസ്ഥാന വസ്തുനികുതി-2076<br>വർദ്ധനവ്-<br>വഴി 20%-415.2<br>വസ്തുനികുതി-2492<br>ലൈ.സെസ്സ്-125 | വസ്തുനികുതി-831<br>ലൈ.സെസ്സ്-41 |
| | | 19/360 C-34.6 m2 | 103.8m2 | @40/m2<br>അടിസ്ഥാന വസ്തുനികുതി-1384<br>വർദ്ധനവ്-<br>വഴി 20%-276.8<br>വസ്തുനികുതി-1661<br>ലൈ.സെസ്സ്-84 | @60/m2<br>അടിസ്ഥാന വസ്തുനികുതി-2076<br>വർദ്ധനവ്-<br>വഴി 20%-415.2<br>വസ്തുനികുതി-2492 | വസ്തുനികുതി-831<br>ലൈ.സെസ്സ്-41 |

| | | | | | |
|---|---|---|---|---|---|
| | | | | | ലൈ.സെസ്സ്-125 |
| 13 | രതീഷ്/രശ്മി<br>പുതുശ്ശേരി തെക്കതിൽ,കൈതസൗത്ത്. | 19/306 A-23m2 | 103m2 | @40/m2<br>അടിസ്ഥാന വസ്തുനികതി-920<br>വർദ്ധനവ്-വഴി 20%-184<br>വസ്തുനികതി-1104<br>ലൈ.സെസ്സ്-56 | @60/m2<br>അടിസ്ഥാന വസ്തുനികുതി-1380<br>വർദ്ധനവ്-<br>വഴി 20%-276<br>വസ്തുനികതി-1636<br>ലൈ.സെസ്സ്-83 | വസ്തുനികുതി-552<br>ലൈ.സെസ്സ്-27 |
| | | 19/306B-23m2 | 103m2 | @40/m2<br>അടിസ്ഥാന വസ്തുനികതി-920<br>വർദ്ധനവ്-വഴി 20%-184<br>വസ്തുനികതി-1104<br>ലൈ.സെസ്സ്-56 | @60/m2<br>അടിസ്ഥാന വസ്തുനികതി-1380<br>വർദ്ധനവ്-<br>വഴി 20%-276<br>വസ്തുനികുതി-1656<br>ലൈ.സെസ്സ്-83 | വസ്തുനികുതി-552<br>ലൈ.സെസ്സ്-27 |
| | | 19/306 C-23m2 | 103m2 | @40/m2<br>അടിസ്ഥാന വസ്തുനികതി-920<br>വർദ്ധനവ്-വഴി 20%-184<br>ഇളവ്-ഒന്നാംനില-55.2<br>വസ്തുനികതി-1049<br>ലൈ.സെസ്സ്-53 | @60/m2<br>അടിസ്ഥാന വസ്തുനികതി-1360<br>വർദ്ധനവ്-<br>വഴി 20%-276<br>ഇളവ്-ഒന്നാംനില-81.8<br>വസ്തുനികുതി-1555<br>ലൈ.സെസ്സ്-78 | വസ്തുനികതി-506<br>ലൈ.സെസ്സ്-25 |
| | | 19/306 D-23m2 | 103m2 | @40/m2<br>അടിസ്ഥാന വസ്തുനികതി-920<br>വർദ്ധനവ്-വഴി 20%-184<br>ഇളവ്-ഒന്നാംനില-55.2<br>വസ്തുനികതി-1049<br>ലൈ.സെസ്സ്-53 | @60/m2<br>അടിസ്ഥാനവസ്തുനികതി-1360<br>വർദ്ധനവ്-<br>വഴി 20%-276<br>ഇളവ്-ഒന്നാംനില-81.8 (5%)<br>വസ്തുനികുതി-1555<br>ലൈ.സെസ്സ്-78 | വസ്തുനികുതി-506<br>ലൈ.സെസ്സ്-25 |
| | | 19/306 E-11m2 | 103m2 | @40/m2<br>അടിസ്ഥാന വസ്തുനികുതി-440<br>വർദ്ധനവ്-വഴി 20%-88<br>ഇളവ്-രണ്ടാംനില-52.8<br>വസ്തുനികുതി-476<br>ലൈ.സെസ്സ്-24 | @60/m2<br>അടിസ്ഥാന വസ്തുനികുതി-660<br>വർദ്ധനവ്-<br>വഴി 20%-132<br>ഇളവ്-രണ്ടാംനില-79.2<br>വസ്തുനികതി-713<br>ലൈ.സെസ്സ്-36 | വസ്തുനികതി-237<br>ലൈ.സെസ്സ്-12 |
| 14 | ഗംഗാ രാജു , പിച്ചനാട്ട് | 19/692 A-44 $m^2$ | 270$m^2$ | @40/m2<br>അടിസ്ഥാന വസ്തുനികതി-1760<br>വർദ്ധനവ്-വഴി 20%-352<br>വസ്തുനികതി-2112<br>ലൈ.സെസ്സ്-106 | @90/m2<br>അടിസ്ഥാന വസ്തുനികുതി-3960<br>വർദ്ധനവ്-<br>വഴി 20%-792<br>വസ്തുനികുതി-4752<br>ലൈ.സെസ്സ്-238 | വസ്തുനികുതി-2640<br>ലൈ.സെസ്സ്-132 |
| | | 19/692 B 44$m^2$ | 270$m^2$ | @40/m2<br>അടിസ്ഥാന വസ്തുനികതി-1760<br>വർദ്ധനവ്-വഴി 20%-352 | @90/m2<br>അടിസ്ഥാന വസ്തുനികുതി-3960<br>വർദ്ധനവ്- | വസ്തുനികുതി-2640<br>ലൈ.സെസ്സ്-132 |

| | | | | | | |
|---|---|---|---|---|---|---|
| | | | | വസ്തുനികുതി-2112<br>ലൈ.സെസ്സ്-106 | വഴി 20%-792<br>വസ്തുനികുതി-4752<br>ലൈ.സെസ്സ്-238 | |
| | | 19/692 C-19m2 | 270m$^2$ | @40/m2<br>അടിസ്ഥാന വസ്തുനികുതി-760<br>വർദ്ധനവ്-വഴി 20%-152<br>വസ്തുനികുതി-912<br>ലൈ.സെസ്സ്-46 | @90/m2<br>അടിസ്ഥാന വസ്തുനികുതി-1710<br>വർദ്ധനവ്-<br>വഴി 20%-342<br>വസ്തുനികുതി-2052<br>ലൈ.സെസ്സ്-103 | വസ്തുനികുതി-1140<br>ലൈ.സെസ്സ്-57 |
| | | 19/692 D-17m2 | 270m$^2$ | @40/m2<br>അടിസ്ഥാന വസ്തുനികുതി-680<br>വർദ്ധനവ്-വഴി 20%-136<br>വസ്തുനികുതി-816<br>ലൈ.സെസ്സ്-41 | @90/m2<br>അടിസ്ഥാന വസ്തുനികുതി-1530<br>വർദ്ധനവ്-<br>വഴി 20%-306<br>വസ്തുനികുതി-1836<br>ലൈ.സെസ്സ്-92 | വസ്തുനികുതി-1020<br>ലൈ.സെസ്സ്-51 |
| | | 19/692 E-129m2 | 270m$^2$ | @60/m2<br>അടിസ്ഥാന വസ്തുനികുതി-7740<br>വർദ്ധനവ്-വഴി 20%-1548<br>ഇളവ് ഒന്നാംനില-464.4<br>വസ്തുനികുതി-8824<br>ലൈ.സെസ്സ്-442 | @90/m2<br>അടിസ്ഥാന വസ്തുനികുതി-11610<br>വർദ്ധനവ്-<br>വഴി 20%-2322<br>ഇളവ് ഒന്നാംനില-696.6<br>വസ്തുനികുതി-13236<br>ലൈ.സെസ്സ്-662 | വസ്തുനികുതി-4412<br>ലൈ.സെസ്സ്-220 |
| 16 | രതീഷ് രാജൻ രമ്യാഭവനം | 15/355 E-32.055 | 128.22m2 | @40/m2<br>അടിസ്ഥാന വസ്തുനികുതി-1282.2<br>വർദ്ധനവ്-വഴി 20%-256.44<br>വസ്തുനികുതി-1539<br>ലൈ.സെസ്സ്-77 | @60/m2<br>അടിസ്ഥാന വസ്തുനികുതി-1923.3<br>വർദ്ധനവ്-<br>വഴി 20%-384.66<br>വസ്തുനികുതി-2308<br>ലൈ.സെസ്സ്-116 | വസ്തുനികുതി-769<br>ലൈ.സെസ്സ്-39 |
| | | 15/355 F-32.055 | 128.22m2 | @40/m2<br>അടിസ്ഥാന വസ്തുനികുതി-1282.2<br>വർദ്ധനവ്-വഴി 20%-256.44<br>വസ്തുനികുതി-1539<br>ലൈ.സെസ്സ്-77 | @60/m2<br>അടിസ്ഥാന വസ്തുനികുതി-1923.3<br>വർദ്ധനവ്-<br>വഴി 20%-384.66<br>വസ്തുനികുതി-2308<br>ലൈ.സെസ്സ്-116 | വസ്തുനികുതി-769<br>ലൈ.സെസ്സ്-39 |
| | | 15/355 G-32.055 | 128.22m2 | @40/m2<br>അടിസ്ഥാന വസ്തുനികുതി-1282.2<br>വർദ്ധനവ്-വഴി 20%-256.44<br>ഇളവ്-ഒന്നാംനില-76.95<br>വസ്തുനികുതി-1462<br>ലൈ.സെസ്സ്-74 | @60/m2<br>അടിസ്ഥാന വസ്തുനികുതി-1923.3<br>വർദ്ധനവ്-<br>വഴി 20%-384.66<br>ഇളവ്-ഒന്നാംനില-115.39<br>വസ്തുനികുതി-2193<br>ലൈ.സെസ്സ്-110 | വസ്തുനികുതി-731<br>ലൈ.സെസ്സ്-36 |
| | | 15/355 H-32.055 | 128.22m2 | @40/m2<br>അടിസ്ഥാന വസ്തുനികുതി-1282.2 | @60/m2<br>അടിസ്ഥാന വസ്തുനികുതി-1923.3<br>വർദ്ധനവ്- | വസ്തുനികുതി-731<br>ലൈ.സെസ്സ്-36 |

| | | | | | | |
|---|---|---|---|---|---|---|
| | | | | വർദ്ധനവ്-വഴി 20%-256.44<br>ഇളവ്-ഒന്നാംനില-76.95<br>വസ്തുനികുതി-1462<br>ലൈ.സെസ്സ്-74 | വഴി 20%-384.66<br>ഇളവ്-ഒന്നാംനില-115.39<br>വസ്തുനികുതി-2193<br>ലൈ.സെസ്സ്-110 | |
| ആകെ കുറവ് വന്ന വസ്തുനികുതി-94,453<br>ആകെ കുറവ് വന്ന ലൈ.സെസ്സ്-4,720 | | | | | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-30/തീയതി 04-10-19) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ ടി കെട്ടിടങ്ങളുടെ വസ്തുനികുതി പുന:നിർണ്ണയിച്ച് ഡിമാൻഡ് ചെയ്യുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. നികുതി പുനനിർണ്ണയിച്ച് ഡിമാൻഡ് ചെയ്തീടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 വസ്തുനികുതി -ബാധകമല്ലാത്ത നികുതി നിരക്ക് ചുമത്തുക വഴി ഉടമക്ക് കൂടുതൽ നികുതി ബാധ്യത

വാസുദേവപിള്ള എന്നയാളുടെ ഉടമസ്ഥതയിൽ 3/99A എന്ന നമ്പരിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം 35.88m2 വിസ്തൃതിയുള്ളതായിട്ടും ടി കെട്ടിടത്തിന് 100m2 ന് മുകളിലുള്ള വാണിജ്യകെട്ടിടങ്ങളുടെ നിരക്കാണ് ചുമത്തിയിരിക്കുന്നത്. 100 ചതുരശ്രമീറ്ററിൽ താഴെയുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്ക് ച.മീറ്ററിന് 40/- രൂപയാണ് എന്നാൽ ടിയാളുടെ പേരിലുള്ള കെട്ടിടത്തിന് 100m2 ന് മുകളിലുള്ള വാണിജ്യകെട്ടിടങ്ങളുടെ നിരക്ക് ബാധകമാക്കിയാണ് (60/- രൂപ/ച.മീ) നികുതിചുമത്തിയത്. ഇതു ടിയാൾക്ക് 850/- രൂപയുടെ വാർഷിക അധിക നികുതി ബാധ്യതയുണ്ടാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | കെട്ടിട നം-തറവിസ്തീർണ്ണം | ആകെതറ വിസ്തീർണ്ണം | ചുമത്തിയ വസ്തു നികുതി @60/m2 | ചുമത്തേണ്ട വസ്തുനികുതി @40/m2 | കൂടുതൽ ചുമത്തിയ നികുതി |
|---|---|---|---|---|---|
| വാസുദേവപിള്ള | 3/99 A | 35.88 | അടിസ്ഥാന വസ്തുനികുതി-2152.8<br>വഴി സൗകര്യം 20% വർദ്ധനവ്-430.56<br>വസ്തുനികുതി-2582<br>ലൈ.സെസ്സ്-130 | അടിസ്ഥാന വസ്തുനികുതി-1435.2<br>വഴി സൗകര്യം-വർദ്ധനവ്-287.04<br>വസ്തുനികുതി-1723<br>ലൈ.സെസ്സ്-87 | വസ്തുനികുതി-859<br>ലൈ.സെസ്സ്-43 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-16/തീ.01-10-2019) തെറ്റ് തിരുത്തി ഇത് വരെ ഒടുക്കിയ നികുതിയിലെ വ്യത്യാസം മുൻകൂർ ആയി ക്രമീകരിക്കുന്നതാണെന്നറിയിച്ചു. നികുതി നിർണ്ണയത്തിൽ പാകപ്പിഴകളുണ്ടാകുവാതിരിക്കുവാൻ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-17 ഓഡിറ്റ് ഇംപാക്ററ്-ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് വസ്തുനികുതി പുനനിർണ്ണയിച്ചു-പഞ്ചായത്തിന്റെ വാർഷിക

# വസ്തുനികുതി ഡിമാൻഡിൽ 2843/-രൂപയുടെ വർദ്ധനവ്

കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൻമേൽ വരുത്തേണ്ട ഇളവുകൾ, വർദ്ധനവുകൾ എന്നിവ സംബന്ധിച്ചും ഇതിന് അടിസ്ഥാനമാക്കേണ്ട ഘടകങ്ങൾ എന്തെല്ലാമാണെന്നത് സംബന്ധിച്ചും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 വ്യക്തമാക്കുന്നുണ്ട്. ഈ ചട്ടത്തിലെ പട്ടിക -2 ന്റെ ക്രമ നം-1 ഇന പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന നികുതിനിർണ്ണയ നമ്പരിലുള്ള കെട്ടിടങ്ങളുടെ നികുതിനിർണ്ണയങ്ങളുടെ ഫയലിലെ *കംപ്ലീഷൻ പ്ലാൻ* പ്രകാരം ടി കെട്ടിടങ്ങൾക്ക് അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുണ്ടായിരുന്നിട്ടും ടി കെട്ടിടങ്ങൾക്ക് ബാധകമാക്കേണ്ട അടിസ്ഥാന വസ്തുനികുതിയിലെ വർദ്ധനവിൽ നിന്നും ഒഴിവാക്കപ്പെട്ടു.

| ക്രമ നം. | കെട്ടിടത്തിന്റെ നമ്പർ | ഉടമയുടെ പേര് |
|---|---|---|
| 1 | 3/165A | ശ്രീ.ജി.രാധാകൃഷ്ണൻ,<br>ശ്രീമതി.അനില.വി.എസ്,<br>അംബികാലയം |
| 2 | 3/266 A | ശ്രീമതി.രാധികമോൾ,<br>ശ്രീ.സുനിൽകുമാർ,<br>ലാവണ്യ ലക്ഷമിയിൽ,<br>ആഞ്ഞിലിപ്ര |
| 3 | 7/589 A | ശ്രീ.ഹരിദാസൻ,<br>തണൽ,<br>ഈരേഴ തെക്ക്<br>(കാർത്തിക ഭവൻ) |
| 4 | 1/265 C | ശ്രീ.ബാബു.എം.ജോർജ്,<br>ശ്രീമതി.സിബി ബാബു ജോർജ്,<br>മണ്ണൂർ കിഴക്കതിൽ (മക്കാട്ട്) |
| 5 | 10/543 C | ശ്രീ.റെജികുമാർ.ചിറയത്ത്, വാത്തികുളം |
| 6 | 21/420 B | ശ്രീ.വിനോദ് സാം ഐസക്ക്,<br>പുത്തൻ ബംഗ്ലാവ് |

പ്രസ്തുത വിഷയം 01-10-2019 ലെ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം-22) പ്രകാരം സെക്രട്ടറിയെ അറിയിച്ചു. പഞ്ചായത്ത് കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാൻ പരിശോധിച്ച് ടി കെട്ടിടങ്ങളുടെ വസ്തുനികുതി പുനനിർണ്ണയിക്കുകയും വിവരം ഓഡിറ്റിനെ രേഖാമൂലം (03.10.19 ലെ മറുപടി) അറിയിക്കുകയും ചെയ്തു. വസ്തുനികുതി പുനനിർണ്ണയിച്ച ടി കെട്ടിടങ്ങളുടെ ഫാറം-6 പ്രകാരം പഞ്ചായത്തിന്റെ വസ്തുനികുതിയുടെ വാർഷിക ഡിമാൻഡിൽ 2843/- രൂപയുടെ വർദ്ധനവുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടത്തിന്റെ നമ്പർ | കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം | ഉപയോഗക്രമംനിർണ്ണയിച്ച വസ്തുനികുതി | പുന: നിർണ്ണയിച്ച വസ്തുനികുതി<br>വഴി (സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ഉൾപ്പെടെ) | വ്യത്യാസം |
|---|---|---|---|---|---|
| 1 | 3/165A | 226.29 | പാർപ്പിടാവശ്യം@7/$m^2$<br>അടിസ്ഥാന വസ്തുനികുതി-1584.03<br>ദ്വിതീയ മേഖല ഇളവ്@10%-158.403<br>ആകെ വസ്തുനികുതി-1426 | പാർപ്പിടാവശ്യം@7/$m^2$<br>അടിസ്ഥാന വസ്തുനികുതി-1584.03<br>ദ്വിതീയ മേഖല ഇളവ്@10%-158.403<br>വർദ്ധനവ്- വഴി സൗകര്യം | വസ്തുനികുതി-317<br>ലൈ.സെസ്-16 |

| | | | | | |
|---|---|---|---|---|---|
| | | | ലൈ.സെസ്-72 | @20%-316.806<br>ആകെ-1742.433<br>വസ്തുനികുതി-1743<br>,ലൈ.സെസ്-88 | |
| 2 | 3/266 A | 292.42 | പാർപ്പിടാവശ്യം@7/m$^2$<br>അടിസ്ഥാന വസ്തുനികുതി-2046.94<br>വർദ്ധനവ്-തറ നിർമ്മിതി 15%-307.041<br>ആകെ-2353.981<br>വസ്തുനികുതി-2354<br>ലൈ.സെസ്-118 | പാർപ്പിടാവശ്യം@7/m$^2$<br>അടിസ്ഥാന വസ്തുനികുതി-2046.94<br>വർദ്ധനവ്-തറ നിർമ്മിതി 15%-307.041<br>വർദ്ധനവ്- വഴി സൗകര്യം @20%-409.388<br>ആകെ<br>2763.369<br>വസ്തുനികുതി-2764<br>ലൈ.സെസ്-139 | വസ്തുനികുതി-410<br>ലൈ.സെസ്-21 |
| 3 | 7/589 A | 313.77 | പാർപ്പിടാവശ്യം@7/m$^2$<br>അടിസ്ഥാന വസ്തുനികുതി-2196.39<br>വർദ്ധനവ്-തറ നിർമ്മിതി 15%- 329.458<br>ആകെ-2525.848<br>വസ്തുനികുതി-2526<br>ലൈ.സെസ്-127 | പാർപ്പിടാവശ്യം@7/m$^2$<br>അടിസ്ഥാന വസ്തുനികുതി-2196.39<br>വർദ്ധനവ്-തറ നിർമ്മിതി 15%-329.458<br>വർദ്ധനവ്- വഴി സൗകര്യം @20%-439.278<br>ആകെ-2965.126<br>വസ്തുനികുതി-2966<br>ലൈ.സെസ്-149 | വസ്തുനികുതി-440<br>ലൈ.സെസ്-22 |
| 4 | 1/265 C | 235.57 | പാർപ്പിടാവശ്യം@7/m$^2$<br>അടിസ്ഥാന വസ്തുനികുതി-1648.99<br>മേഖല-ഇളവ് 10%-164.899<br>ആകെ-1484.081<br>വസ്തുനികുതി-1485<br>ലൈ.സെസ്-75 | പാർപ്പിടാവശ്യം@7/m$^2$<br>അടിസ്ഥാന വസ്തുനികുതി-1648.99<br>മേഖല-ഇളവ് 10%-164.899<br>വർദ്ധനവ്- വഴി സൗകര്യം @20%-329.798<br>ആകെ-1813.899<br>വസ്തുനികുതി-1814<br>ലൈ.സെസ്-91 | വസ്തുനികുതി-329<br>ലൈ.സെസ്-16 |
| 5 | 10/543 C | 110 | ഇതരവ്യവസായ ആവശ്യം<br>@40/m$^2$<br>അടിസ്ഥാന വസ്തുനികുതി-4400<br>കുറഞ്ഞ മേൽക്കൂര-ഇളവ് 10%-440<br>ആകെ-3960<br>വസ്തുനികുതി-3960<br>ലൈ.സെസ്-198 | ഇതരവ്യവസായ ആവശ്യം<br>@40/m$^2$<br>അടിസ്ഥാന വസ്തുനികുതി-4400<br>മേഖല-ഇളവ് 10%-440<br>വർദ്ധനവ്- വഴി സൗകര്യം @20%-880<br>ആകെ-4840 | വസ്തുനികുതി-880<br>ലൈ.സെസ്-44 |

| | | | | | |
|---|---|---|---|---|---|
| | | | | വസ്തുനികുതി-4840<br>ലൈ.സെസ്-242 | |
| 6 | 21/420 B | 333.53 | പാർപ്പിടാവശ്യം<br>@7/$m^2$<br>അടിസ്ഥാന വസ്തുനികുതി-2334.71<br>ആകെ-2335 വസ്തുനികുതി-2335<br>ലൈ.സെസ്-117 | പാർപ്പിടാവശ്യം<br>@7/$m^2$<br>അടിസ്ഥാന വസ്തുനികുതി-2334.71<br>വർദ്ധനവ്- വഴി സൗകര്യം @20%-466.942<br>ആകെ-2801.652<br>വസ്തുനികുതി-2802<br>ലൈ.സെസ്-141 | വസ്തുനികുതി-467<br>ലൈ.സെസ്-24 |
| പുനനിർണ്ണയിച്ചത് പ്രകാരം വാർഷിക വസ്തുനികുതിയുടെ പ്രതിവർഷ ഡിമാന്റിലെ വർദ്ധനവ് - 2843 | | | | | |
| പുനനിർണ്ണയിച്ചത് പ്രകാരം ലൈബ്രറി സെസ്സിന്റെ പ്രതിവർഷ ഡിമാന്റിലെ വർദ്ധനവ് – 143 | | | | | |

പഞ്ചായത്ത് പരിധിയിൽ ചതുരശ്രമീറ്റർ അടിസ്ഥാനമാക്കി 2013 വർഷം മുതൽ നികുതി നിർണ്ണയിച്ച മുഴുവൻ കെട്ടിടങ്ങളിലും അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുകയും പിഴവ് കണ്ടെത്തുന്ന പക്ഷം നികുതി പുനനിർണ്ണയിക്കുകയും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-18 അസംബ്ലി ഹാളുകളെ വിദ്യാഭ്യാസാവശ്യത്തിനുള്ള നിരക്കിൽ നികുതി ചുമത്തി

പഞ്ചായത്തിലെ താഴെ പറയുന്ന കെട്ടിട ഉടമകളുടെ കെട്ടിടങ്ങളെ അവയുടെ ഉപയോഗക്രമത്തിന് അനുസൃതമായല്ല നികുതി ചുമത്തിയത് എന്ന കാണുന്നു.

| കെട്ടിട നം | ഉടമയുടെ പേരും വിലാസവും | വിസ്തീർണ്ണം | ചുമത്തിയ നികുതിനിരക്ക് | ഉപയോഗം |
|---|---|---|---|---|
| 12/564 B | രാമചന്ദ്രക്കുറുപ്പ്, കൊയ്പ്പള്ളി കാരാഴ്മ | 58.5 m2 | ₹6/m2 | യോഗ സെന്റർ |
| 11/39 B | കേശവപിള്ള, ചക്കര,കടവൂർ | 121 m2 | ₹6/m2 | യോഗ സെന്റർ |

ഫയൽ പരിശോധിച്ചതിൽ ടി കെട്ടിടങ്ങൾ യോഗ പരിശീലനത്തിനായി നിർമ്മിക്കപ്പെട്ടിട്ടുള്ളതാണെന്ന് കാണുന്നു. വിദ്യാഭ്യാസ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ചുമത്തുന്ന നികുതി നിരക്ക് ചതുരശ്രമീറ്ററിന് ആറു രൂപയാണ്. എന്നാൽ ടി കെട്ടിടങ്ങളെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി നിർമ്മിച്ചത് എന്ന ഗണത്തിൽ ഉൾപ്പെടുത്താനാവില്ല. ആയതിനാൽ ടി കെട്ടിടങ്ങളെ അസംബ്ലി ഹാളുകളുടെ നിരക്കിൽ നികുതി ചുമത്തി ഡിമാൻഡ് ചെയ്തീടാക്കേണ്ടതാണ്.

## 1-19 2015-16 വർഷം നിർമ്മിച്ച വലവട വിപണന കേന്ദ്രം ഒഴിഞ്ഞു കിടക്കുന്നു.

2015-16 വർഷം തനത് ഫണ്ട് ഉപയോഗിച്ച് തട്ടാരമ്പലം കായംകുളം റോഡിൽ ചെട്ടികുളങ്ങര ചന്തക്ക് തെക്ക് വശം അഞ്ചു സ്റ്റാളുകൾ നിർമ്മിച്ചിരുന്നു (വലവട വിപണന കേന്ദ്രം). കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിൽപ്പനയുമായിരുന്നു നിർമ്മാണത്തിന്റെ ഉദ്ദേശ ലക്ഷ്യം. കുടുംബശ്രീ വിപണന കേന്ദ്രം ആരംഭിച്ചുവെങ്കിലും തുടർവർഷങ്ങളിൽ പ്രവർത്തിച്ചില്ല. ഇതിന്റെ അടിസ്ഥാനത്തിൽ ടി സ്റ്റാളുകൾ പഞ്ചായത്ത് ലേലം ചെയ്തു നൽകുവാൻ തീരുമാനിച്ചു. ഓഡിറ്റ് വർഷം 21.03.2018 ൽ നടന്ന ലേലം 10.07.2018 ൽ നടന്ന പുനർ ലേലം എന്നിവയിൽ വലവട വിപണനകേന്ദ്രത്തിലെ ഒന്നുമുതൽ അഞ്ച് വരെയുള്ള സ്റ്റാളുകൾ ലേല ത്തിൽ വച്ചിരുന്നു. എന്നാൽ ഇത് ലേലത്തിൽ ഏറ്റെടുക്കുവാൻ ആളുണ്ടായിരുന്നില്ല. കേവലം 3 വർഷം മാത്രം പഴക്കമുള്ള ടി വിപണനകേന്ദ്രത്തിലെ സ്റ്റാളുകൾ

പഞ്ചായത്തിന് തനത് വരുമാന വർദ്ധനവിനുതകും വിധം ഉപയോഗയോഗ്യമാക്കുവാൻ നാളിതുവരെയും കഴിഞ്ഞില്ല. ഈ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ധനകാര്യ സ്ഥിരം സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 ശോച്യവസ്ഥയിലുള്ള കരിപ്പുഴ പബ്ലിക്ക് മാർക്കറ്റ് സ്റ്റാളുകളുടെ ലേലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കുന്നു.

പഞ്ചായത്തിന് കരിപ്പുഴ പബ്ലിക്ക് മാർക്കറ്റിൽ ആറ് മുറികളും പത്ത് സ്റ്റാളുകളും ഉണ്ട്. ഒഴിവ് വരുന്ന മുറികളും സ്റ്റാളുകളും വർഷം തോറും ലേലത്തിൽ വെക്കാറുണ്ടെങ്കിലും മിക്ക സ്റ്റാളുകളും വാടകക്ക് പോകുന്നില്ല. 4, 5, 6, 8, 9, 10 എന്നീ നമ്പരിലുള്ള സ്റ്റാളുകൾ സാമ്പത്തിക വർഷം പുനർ ലേലം നടന്നിട്ടും കൈമാറ്റം ചെയ്യാനായിട്ടില്ല. ചില സ്റ്റാളുകൾ മുൻവർഷങ്ങളിലും ഒഴിഞ്ഞു കിടക്കുന്ന നിലയിലായിരുന്നു. ഹരിപ്പാട്- മാവേലിക്കര റോഡിലുള്ള ടി പബ്ലിക്ക് മാർക്കറ്റ് ലേലത്തിൽ പോകാതിരിക്കുവാനുള്ള കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ സ്റ്റാളുകളുടെ ശോച്യാവസ്ഥയാണ് ലേലത്തിൽ പോകാതിരിക്കുന്നതിനുള്ള കാരണമെന്നും പല സ്റ്റാളുകളും ഷട്ടർ പൊട്ടിയതിനാൽ പൂട്ടുവാൻ പറ്റാത്ത അവസ്ഥയിലുമാണെന്നും അറിയിച്ചു. ടി സ്റ്റാളുകൾ നവീകരിക്കാതെ എല്ലാവർഷവും ലേലത്തിൽ വക്കുന്ന നടപടി ശരിയല്ല. ഇത് പഞ്ചായത്ത് ഫണ്ടിന് അധിക ബാധ്യതയുണ്ടാക്കുന്ന പ്രവർത്തി മാത്രമാണ്. ടി സ്റ്റാളുകൾ അടിയന്തിരമായി നവീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിന് പഞ്ചായത്ത് ധനകാര്യ സ്ഥിരം സമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-21 പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിലെ ഫർണ്ണിച്ചറുകൾ പുനരുപയോഗിക്കുകയോ, ലേലം നടത്തുകയോ ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം പുതിയ ഓഫീസിലേക്ക് മാറിയപ്പോൾ പഴയ ഓഫീസിലെ താഴെ പറയുന്ന ഫർണ്ണിച്ചറുകൾ പുനരുപയോഗിക്കുകയോ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുകയോ ചെയ്തിട്ടില്ല.

| ക്രമ നം | ഇനവിവരം | എണ്ണം |
|---|---|---|
| 1 | സ്റ്റീൽ അലമാര | 25 |
| 2 | സ്റ്റീൽ മേശ | 10 |
| 3 | തടി മേശ | 7 |
| 4 | തടി അലമാര | 1 |
| 5 | ഓഫീസ് കസേര | 13 |
| 6 | റൗണ്ട് ഡയസ്സ് | 1 |

ടി ഫർണ്ണിച്ചറുകൾ ഉപയോഗിക്കുവാൻ സാധിക്കാത്ത പക്ഷം ക്ഷമതയുള്ള അധികാരിയുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

## 1-22 ടെണ്ടർ ഫീസിനത്തിൽ 3.92 ലക്ഷം രൂപ പഞ്ചായത്തിന് മടക്കി ലഭിച്ചിട്ടില്ല.

പഞ്ചായത്തിൽ ഇ ടെണ്ടർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസിനത്തിൽ കരാറുകാരിൽ നിന്നും ഈടാക്കിയ തുക ഓൺലൈനായി ജില്ലാപഞ്ചായത്ത് എക്സി.എൻജിനീയറുടെ പേരിലുള്ള അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്തിരുന്നു. അസി.എൻജിനീയർ ഹാജരാക്കിയ കണക്കുകൾ പ്രകാരം 2014-15 മുതൽ 2018-19 വരെയുള്ള വർഷങ്ങളിലായി 3,91,562/-രൂപ ടെണ്ടർ ഫീസിനത്തിൽ പ്രസ്തുത അക്കൌണ്ടിൽ ഒടുക്കുവരുത്തിയിട്ടുണ്ട്. തനതുഫണ്ടിലേക്ക് മുതൽ കൂട്ടാവുന്ന ഈ തുക നാളിതുവരേക്കും പഞ്ചായത്തിന് മടക്കി ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ എണ്ണം | ഈടാക്കിയ ടെണ്ടർ ഫീസ് | പഞ്ചായത്തിന് തിരികെ ലഭിക്കുവാനുള്ള ടെണ്ടർ ഫീസ് |
|---|---|---|---|
| 2014-15 | 14 | 66,264 | 66,264 |

| | | | |
|---|---|---|---|
| 2015-16 | 21 | 89,745 | 89,745 |
| 2016-17 | 18 | 1,18,005 | 1,18,005 |
| 2017-18 | 13 | 30,300 | 30,300 |
| 2018-19 | 19 | 87,248 | 87,248 |
| ആകെ | | | 3,91,562 |

ടെണ്ടർ ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട ഈ തുക പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്ക് വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

# 1-23 പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിടം ഫലപ്രദമായി ഉപയോഗിക്കുന്നില്ല.

2015-16 വർഷം ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ പ്രവർത്തനം പുതിയ പഞ്ചായത്ത് കെട്ടിടത്തിലേക്ക് മാറ്റിയിരുന്നു. അതുവരെ ഉപയോഗിച്ചിരുന്ന പഴയ പഞ്ചായത്ത് ഓഫീസും പരിസരവും നിലവിൽ മാലിന്യം കൂട്ടിയിട്ട നിലയിലാണ്. കായംകുളം-തിരുവല്ല സംസ്ഥാന പാത ഫ്രണ്ടേജോടുകൂടിയ ടി സ്ഥലവും കെട്ടിടവും ഉപയോഗയോഗ്യമാക്കി വരുമാന വർദ്ധനവിന് യാതൊരു നടപടികളും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിക്കുന്ന ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം-5/26-09-19) മറുപടിയിൽ പഴയ ഓഫീസിന്റെ നവീകരണത്തിന് പ്രോജക്ട് തയ്യാറാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. ഈ വിഷയത്തിൽ സ്വീകരിക്കുന്ന തുടർ നടപടികൾ ഓഡിറ്റ് വിഭാഗത്തിനെ അറിയിക്കേണ്ടതാണ്.

# 1-24 തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണത്തിൽ ഗുരുതരമായ അപാകത-തെറ്റായ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവർത്തി നിർവ്വഹണം നടത്തുക വഴി 1.05 കോടി രൂപയുടെ അധിക ചെലവ്.

ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെട്ടികുളങ്ങര ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം നടപ്പാക്കിയ തീറ്റപ്പുൽകൃഷി എന്ന പ്രവൃത്തിക്കായി നിയമാനുസൃതമല്ലാതെ തെറ്റായ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, പ്രവൃത്തിയുടെ നിർവ്വഹണം തദനുസരണം നിർവ്വഹിച്ചതായി രേഖകൾ തയ്യാറാക്കി തുക പിൻവലിക്കുകയും ചെയ്യുക വഴി 1,05,01,447/- രൂപയുടെ അധികചെലവുണ്ടായി.

പഞ്ചായത്തിന്റെ 21 വാർഡുകളിൽ തീറ്റപ്പുൽകൃഷിക്കായി 46 പ്രവൃത്തികളാണ് ഏറ്റെടുത്തിരുന്നത്. തൻവർഷം തന്നെ പൂർത്തികരിച്ച ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഡിസ്പ്ളെ ബോർഡ് ഇനത്തിനായി വകയിരുത്തിയിരുന്നതൊഴികെയുള്ള തുകകൾ 31.3.2019 ന മുൻപായി പിൻവലിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ നിർവ്വഹണത്തിലുണ്ടായ ഗുരുതരമായ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 46 പ്രവൃത്തികളുടേയും തുക പിൻവലിക്കപ്പെട്ടുവെങ്കിലും (ഡിസ്പ്ളെ ബോർഡ് ഒഴികെയുള്ളത്) രണ്ടെണ്ണം ഒഴികെ ശേഷിച്ച 44 പ്രവൃത്തികളുടേയും അളവുകൾ യഥാസമയം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയില്ല. അപാകത ചൂണ്ടികാട്ടിയതിനെ തുടർന്ന് അളവു പുസ്തകങ്ങളിൽ ഓഡിറ്റ് വേളയിൽ രേഖപ്പെടുത്തൽ വരുത്തി ഹാജരാക്കുകയാണുണ്ടായത്. പ്രവൃത്തികളുടെ നിർവ്വഹണ സമയത്ത് അളവുകൾ എടുത്തിരുന്നുവെങ്കിലും ആയത് അളവു പുസ്തകങ്ങളിൽ ചേർക്കാൻ കാലതാമസം ഉണ്ടായി എന്നാണ് ഇതു സംബന്ധിച്ച് സെക്രട്ടറിയും അക്രഡിറ്റഡ് എൻജിനിയറും ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വ്യക്തമാക്കിയത്.
2. 44 പ്രവൃത്തികൾക്കുമായി 31.03.2019 വരെ പിൻവലിക്കപ്പെട്ട തുകയ്ക്ക് ഓഡിറ്റ് സമയം വരേയും ബിൽ തയ്യാറാക്കുകയോ ആയത് സെക്രട്ടറി അംഗീകരിക്കുകയോ ചെയ്തിട്ടില്ല. എം.ഐ.എസ് (മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം) ലെ സാങ്കേതിക പ്രശ്നങ്ങൾ മൂലമാണ് ബിൽ തയ്യാറാക്കാതിരുന്നതെന്നും, പ്രവൃത്തികൾ നടക്കുമ്പോൾതന്നെ എടുത്ത അളവുകളുടെ അടിസ്ഥാനത്തിലാണ് വേതന വിതരണത്തിന് അംഗീകാരം നൽകിയതെന്നുമാണ് ഇതു സംബന്ധമായുള്ള സെക്രട്ടറിയുടെ മറുപടി.
3. അളവു പുസ്തകങ്ങളിൽ രേഖപ്പെടുത്തിയ മൂല്യനിർണ്ണയ തുക സെക്രട്ടറി പാസാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല.
4. 12-ാം വാർഡിലെ തീറ്റപ്പുൽകൃഷി (TS No.1611/115625) എന്ന പ്രവൃത്തിയുടെ അളവുകൾ 54/19-20 നമ്പർ അളവു പുസ്തകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എം ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഈ അളവു പുസ്തകം ഇഷ്യു

ചെയ്യതും അക്രഡിറ്റഡ് എൻജിനിയർ കൈപ്പറ്റിയതും 03.04.2019 ലാണ്. എന്നാൽ പ്രവൃത്തിയുടെ 03.08.2018 മുതലുള്ള അളവുകൾ ഈ അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

5. തീറ്റപ്പുൽകൃഷിക്കായുള്ള 42 പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ "Maintainance of fodder grass for 30 days including watering applying manure, replanting decayed grass etc." എന്ന ഇനത്തിന് സെക്യുർ സോഫ്റ്റ് വെയർ പ്രകാരം 30 ദിവസത്തേക്ക് അനുവദനീയമായ നിരക്ക് ചതുരശ്ര മീറ്ററിന് 3.39/-രൂപ ആണ്. എന്നാൽ നടപ്പാക്കിയ പ്രസ്തുത പ്രവൃത്തികളിൽ 41 എണ്ണത്തിന്റെ എസ്റ്റിമേറ്റിൽ കൃഷി ചെയ്ത തീറ്റപ്പുല്ലിന്റെ ആകെ എണ്ണത്തെ 30 ദിവസം കൊണ്ട് ഗുണിച്ച് ലഭിച്ച സംഖ്യ തീറ്റപ്പുൽ പരിപാലത്തിനുള്ള ഏരിയ ആയി പരിഗണിക്കുകയും ആയതിന് 3.39/m2 നിരക്കിൽ തുക അനുവദിക്കുകയും ചെയ്തു. കൃഷി ചെയ്ത വിസ്തൃതിക്കനുസൃതമാണ് പരിപാലന വിസ്തൃതിയെന്നിരിക്കെ ഇതിൽ നിന്നും വിഭിന്നമായി പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ കൃഷി ചെയ്യുന്ന വിസ്തൃതിയുടെ അനേകമടങ്ങ് പരിപാലന വിസ്തൃതിയായി നിർണ്ണയിച്ച് തുക അനുവദിക്കുക വഴി നടപ്പാക്കിയ 41 പ്രവൃത്തികൾക്ക് 1,05,08,257/- രൂപയുടെ അധിക ചെലവാണ് ഉണ്ടായത്. (എന്നാൽ ഇതോടൊപ്പം നടപ്പാക്കിയ തീറ്റപ്പുൽകൃഷി വാർഡ് 13(1) എന്ന പ്രവൃത്തിക്ക് കൃഷി ചെയ്ത വിസ്തൃതി തന്നെ പരിപാലന വിസ്തൃതിയായി കണക്കാക്കിയാണ് തുക അനുവദിച്ചിട്ടുള്ളത്). കൂടാതെ ഒരേ വിസ്തൃതിയിൽ തീറ്റപ്പുൽ കൃഷി ചെയ്ത പ്രവൃത്തികളിൽ പരിപാലന ചെലവായി കാണിച്ചിരിക്കുന്ന തുകയാകട്ടെ തികച്ചും വിഭിന്നമാണ്. അംഗീകൃത നിരക്ക് പ്രകാരം പരിപാലന ചെലവായി അനുവദിക്കാവുന്നത് 30 ദിവസത്തേക്ക് 3.39/m2 ആണെന്നിരിക്കെ തീറ്റപ്പുല്ലിന്റെ എണ്ണത്തെ 30 ദിവസം കൊണ്ട് ഗുണിച്ച് ലഭിച്ച സംഖ്യ ഏരിയ ആയി നിർണ്ണയിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയത് തെറ്റാണെന്ന് പഞ്ചായത്തിലെ നിലവിലെ അസി.എൻജിനിയറും രേഖാമൂലം റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇപ്രകാരം എസ്റ്റിമേറ്റുകളിൽ തീറ്റപ്പുൽ പരിപാലനത്തിന് തെറ്റായി വകയിരുത്തിയ തുകയ്ക്ക് അനുസൃതമായി മസ്റ്ററോൾ തയ്യാറാക്കി പിൻവലിച്ചതുമൂലമാണ് മുകളിൽ പ്രതിപാദിച്ച അധികചെലവിന് ഇടയാക്കിയത്. ഫലത്തിൽ എസ്റ്റിമേറ്റിൽ പറഞ്ഞ അളവിൽ പ്രവൃത്തി നടത്താതെ തന്നെ അതിനായി വകയിരുത്തിയ തുക പിൻവലിക്കപ്പെട്ടു. വിവിധ പ്രവർത്തികൾക്കായി അധികം പിൻവലിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രവൃത്തിയുടെ പേര് | TS NO | കൃഷി നടത്തിയ വിസ്തൃതി ($M^2$) | പരിപാലനം നടത്തിയ വിസ്തൃതി($M^2$) | പിൻവലിച്ച തുക @3.39/$M^2$ | 30 ദിവസത്തേക്ക് അനുവദിക്കാവുന്ന പരമാവധി തുക | അധികം | എം.ബുക്ക് നം |
|---|---|---|---|---|---|---|---|---|
| 1 | തീറ്റപ്പുൽകൃഷി വാർഡ് -1 | 1611/124848/26-06-18 | 1440 | 105000 | 355950 | 4882 | 351068 | 968/17-18 |
| 2 | തീറ്റപ്പുൽകൃഷി വാർഡ് -8(3) | 1611008002/ 331067/ 07-01-19 | 3000 | 45000 | 152550 | 10170 | 142380 | 40/18-19 |
| 3 | തീറ്റപ്പുൽകൃഷി വാർഡ് -2(1) | 1611/115746/26.6.2018 | 1440 | 105240 | 356764 | 4882 | 351882 | 948/17-18 |
| 4 | തീറ്റപ്പുൽകൃഷി വാർഡ് -6(1) | 1611/115640/26.06.18 | 1440 | 105390 | 357272 | 4882 | 352390 | 994/17-18 |
| 5 | തീറ്റപ്പുൽകൃഷി വാർഡ് -7(2) | 1611/115742/26.06.18 | 1440 | 104190 | 353204 | 4882 | 348322 | 1001/17-18 |
| 6 | തീറ്റപ്പുൽകൃഷി വാർഡ് -8(2) | 1611008002/ 339278/ 07.01.19 | 2232 | 29700 | 100683 | 7566 | 93117 | 37/18-19 |
| 7 | തീറ്റപ്പുൽകൃഷി വാർഡ് -10(1) | 1611/115634/26.06.18 | 1440 | 107940 | 365917 | 4882 | 361035 | 956/17-18 |
| 8 | തീറ്റപ്പുൽകൃഷി | 1611008002/ | 3000 | 30000 | 101700 | 10170 | 91530 | 41/18-19 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | വാർഡ് -11(3) | 251515/ 07/01/19 | | | | | | |
| 9 | തീറ്റപ്പുൽകൃഷി വാർഡ് -20(1) | 1611008002/ 339277/ 08.01.19 | 1800 | 24480 | 82987 | 6102 | 76885 | 110/18-19 |
| 10 | തീറ്റപ്പുൽകൃഷി വാർഡ് -14(3) | 1611008002/ 339269/ 08.01.19 | 3600 | 17520 | 59393 | 12204 | 47189 | 34/18-19 |
| 11 | തീറ്റപ്പുൽകൃഷി വാർഡ് -14 | 1611/113734/26-06-2018 | 600 | 116272 | 394162 | 2034 | 392128 | 1002/17-18 |
| 12 | തീറ്റപ്പുൽകൃഷി വാർഡ് -18 | 1611/113738/26.06.2018 | 480 | 111775 | 378917 | 1627 | 377290 | 1009/17-18 |
| 13 | തീറ്റപ്പുൽകൃഷി വാർഡ് -3(1) | 1611/115745/26.06.2018 | 1440 | 106830 | 362154 | 4882 | 357272 | 1007/17-18 |
| 14 | തീറ്റപ്പുൽകൃഷി വാർഡ് -12 | 1611/115625/26.06.18 | 1440 | 107460 | 364289 | 4882 | 359407 | 54/19-20 |
| 15 | തീറ്റപ്പുൽകൃഷി വാർഡ് -2(2) | 1611/115749/26.06.18 | 1440 | 107460 | 364289 | 4882 | 359407 | 954/17-18 |
| 16 | തീറ്റപ്പുൽകൃഷി വാർഡ് -19 | 1611/113797/26.06.18 | 360 | 100530 | 340797 | 1220 | 339577 | 725/15-16 |
| 17 | തീറ്റപ്പുൽകൃഷി വാർഡ് -2(3) | 1611/115751/26.06.2018 | 1440 | 107940 | 365917 | 4882 | 361035 | 28/18-19 |
| 18 | തീറ്റപ്പുൽകൃഷി വാർഡ് -16(3) | 1611008002/ 339275/ 08.01.19 | 3000 | 30000 | 101700 | 10170 | 91530 | 106/18-19 |
| 19 | തീറ്റപ്പുൽകൃഷി വാർഡ് -13(2) | 1611008002/ 339268/ 08.01.19 | 2232 | 13392 | 45399 | 7566 | 37833 | 31/18-19 |
| 20 | തീറ്റപ്പുൽകൃഷി വാർഡ് -20(2) | 1611008002/ 331050/ 08.01.19 | 3000 | 30000 | 101700 | 10170 | 91530 | 109/18-19 |
| 21 | തീറ്റപ്പുൽകൃഷി വാർഡ് -11 | 1611/115637/26.06.2018 | 1440 | 99330 | 336729 | 4882 | 331847 | 961/17-18 759/15-16 |
| 22 | തീറ്റപ്പുൽകൃഷി വാർഡ് -7(3) | 1611008002/ 339280/ 07.01.19 | 2280 | 31920 | 108209 | 7729 | 100480 | 92/18-19 |
| 23 | തീറ്റപ്പുൽകൃഷി വാർഡ് -16(2) | 1611008002/ 339273/ 08.01.19 | 2160 | 21600 | 73224 | 7322 | 65902 | 105/18-19 |
| 24 | തീറ്റപ്പുൽകൃഷി വാർഡ് -11(2) | 1611008002/ 251549/ 07.01.2019 | 2160 | 63720 | 216011 | 7322 | 208689 | 31/18-19 |
| 25 | തീറ്റപ്പുൽകൃഷി | 1611008002/ | 1680 | 25200 | 85428 | 5695 | 79733 | 35/18-19 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | വാർഡ് -5(2) | 339283/<br>07.01.19 | | | | | | |
| 26 | തീറ്റപ്പുൽകൃഷി<br>വാർഡ് -10(3) | 1611008002/<br>251577/<br>08.01.19 | 1860 | 26280 | 89089 | 6305 | 82784 | 36/18-19 |
| 27 | തീറ്റപ്പുൽകൃഷി<br>വാർഡ് -1(2) | 1611/124847/26.06.18 | 1440 | 97410 | 330220 | 4882 | 325338 | 971/17-18 |
| 28 | തീറ്റപ്പുൽകൃഷി<br>വാർഡ് -12(1) | 1611/115623/26.06.2018 | 1440 | 107970 | 366018 | 4882 | 361136 | 974/17-18<br>824/16-17 |
| 29 | തീറ്റപ്പുൽകൃഷി<br>വാർഡ് -10 | 1611/115636/26.06.18 | 1440 | 107970 | 366018 | 4882 | 361136 | 972/17-18<br>970/17-18 |
| 30 | തീറ്റപ്പുൽകൃഷി<br>വാർഡ് -13(1) | 1611008002/<br>251490/<br>08.01.19 | 2988 | 2988 | 10129 | 10129 | - | 38/18-19 |
| 31 | തീറ്റപ്പുൽകൃഷി<br>വാർഡ് -13 | 1611/113737/26.06.2018 | 540 | 116116 | 393633 | 1831 | 391802 | 821/16-17 |
| 32 | തീറ്റപ്പുൽകൃഷി<br>വാർഡ് -11(4) | 1611008002/<br>339266/<br>08.01.19 | 2544 | 9456 | 32056 | 8624 | 23432 | 30/18-19 |
| 33 | തീറ്റപ്പുൽകൃഷി<br>വാർഡ് -7 | 1611/115627/26.06.18 | 1440 | 82680 | 280285 | 4882 | 275403 | 995/17-18 |
| 34 | തീറ്റപ്പുൽകൃഷി<br>വാർഡ് -9(1) | 1611/115631/26.06.2018 | 1440 | 107940 | 365917 | 4882 | 361035 | 844/16-17 |
| 35 | തീറ്റപ്പുൽകൃഷി<br>വാർഡ് -6(2) | 1611008002/<br>339382/<br>07.01.19 | 1440 | 21600 | 73224 | 4882 | 68342 | 108/18-19 |
| 36 | തീറ്റപ്പുൽകൃഷി<br>വാർഡ് -15 | 1611/113748/26.06.2018 | 360 | 98130 | 332661 | 1220 | 331441 | 966A/17-18 |
| 37 | തീറ്റപ്പുൽകൃഷി<br>വാർഡ് -11(1) | 1611/115639/26.06.18 | 1440 | 98850 | 335102 | 4882 | 330220 | 1006/17-18 |
| 38 | തീറ്റപ്പുൽകൃഷി<br>വാർഡ് -8(1) | 1611/115629/26.06.18 | 1440 | 106500 | 361035 | 4882 | 356153 | 938/17-18 |
| 39 | തീറ്റപ്പുൽകൃഷി<br>വാർഡ് -9 | 1611/115632/26.06.18 | 1440 | 105300 | 356967 | 4882 | 352085 | 947/17-18<br>799/16-17 |
| 40 | തീറ്റപ്പുൽകൃഷി<br>വാർഡ് -5 | 1611/96849/26.06.2018 | 1440 | 108000 | 366120 | 4882 | 361238 | 781/15-16 |
| 41 | തീറ്റപ്പുൽകൃഷി<br>വാർഡ് -8 | 1611/115630/26.06.18 | 1440 | 107640 | 364900 | 4882 | 360018 | 737/15-16 |
| 42 | തീറ്റപ്പുൽകൃഷി<br>വാർഡ് -16 | 1611/113736/26.06.18 | 600 | 115770 | 392460 | 2034 | 390426 | 828/16-17 |
| ആകെ | | | | | | | | 10501447 |

ഇതോടൊപ്പം നടപ്പാക്കിയ മറ്റ 4 പ്രവൃത്തികളിൽ തീറ്റപ്പുൽ ഒന്നിന് 0.53/-രൂപ/ദിവസം നിരക്കിലാണ് തുക അനുവദിച്ചിട്ടുള്ളത്. വൃക്ഷതൈകളുടെ പരിപാലനത്തിനായി സെക്യൂർ സോഫ്റ്റ് വെയറിൽ ഉൾകൊള്ളിച്ചിട്ടുള്ള നിരക്ക് (Specification 80-8-3) തീറ്റപ്പുൽ പരിപാലത്തിനായി നൽകിയത് എപ്രകാരമെന്ന് വ്യക്തമല്ല. കൂടാതെ ആകെ നട്ട തീറ്റപ്പുല്ലിന്റെ എണ്ണവും പരിപാലിച്ചതായി കാണിച്ച എണ്ണവും തമ്മിൽ ഭീമമായ അന്തരമുണ്ട്. എന്നാൽ പരിപാലിച്ച തീറ്റപുല്ലിന്റെ എണ്ണം കണക്കാക്കിയതിലെ അവ്യക്തതമൂലം ഈ ഇനത്തിലുണ്ടായ നഷ്ടം തിട്ടപെടുത്താൻ കഴിഞ്ഞിട്ടില്ല.

മുകളിൽ പ്രതിപാദിച്ച അപാകതകളിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ഉണ്ടായ അപാകത സാങ്കേതിക അനുമതി ലഭിക്കുന്നതുവരെ തിരുത്തപ്പെടാതിരുന്നതു മൂലമാണ് അധികതുക പിൻവലിക്കാൻ ഇടയാക്കിയതെന്ന് അക്രഡിറ്റഡ് എൻജിനിയറും എസ്റ്റിമേറ്റിലെ പിഴവ് കണ്ടെത്തുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം ഇല്ലായിരുന്നു എന്ന് സെക്രട്ടറിയും മറുപടി നൽകി. 28 പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയത് അക്രഡിറ്റഡ് എൻജിനിയറും, ആയതിന് സാങ്കേതിക അനുമതി നൽകിയത് പഞ്ചായത്തിലെ എ.ഇ യുമാണ്. G.o 2688/2015/4-9-15 പ്രകാരം ശേഷിച്ച 18 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടി.എസ് നൽകിയത് അക്രഡിറ്റഡ് എൻജിനിയർ തന്നെയാണെന്നാണ് മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്.

ഇപ്രകാരം വന്ന അധികചെലവിന് എസ്റ്റിമേറ്റ് തയ്യാറാക്കിയ അക്രഡിറ്റഡ് എൻജിനിയറും, ടി.എസ് നൽകിയ അസി.എൻജിനിയറും, എസ്റ്റിമേറ്റ് മേൽ പരിശോധന നടത്തി അനുമതി നൽകിയ ബ്ലോക്ക് പഞ്ചായത്തിലെ അക്രഡിറ്റഡ് എൻജിനിയറും,പ്രവൃത്തികളുടെ മേൽ നോട്ട ചുമതലയുള്ള അസി.സെക്രട്ടറിയും, തുക പിൻവലിച്ച് നൽകിയ സെക്രട്ടറിയും ഉത്തരവാദികളാണ്. ആകയാൽ ഈ വർക്കുകളുടെ നിർവ്വഹണ സംബന്ധമായി സമഗ്രമായ അന്വേഷണത്തിന് ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു. കൂടാതെ തെറ്റായ അളവിൽ പ്രവൃത്തി നടത്തിയതായി കാണിച്ച് അധികം പിൻവലിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് ഉത്തരവാദികളിൽ നിന്നും ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 ഒരേ കാലയളവിൽ പഞ്ചായത്തിൽ നടത്തിയ ഒരേയിനം പ്രവർത്തിക്ക് വ്യത്യസ്ത നിരക്ക് അനുവദിക്കുകമൂലം 1,31,742/- രൂപയുടെ അധിക ചെലവ്

ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം നടപ്പാക്കിയ താഴെപ്പറയുന്ന മരാമത്ത് പ്രവർത്തികളുടെ എസ്റ്റിമേറ്റിൽ "filling low lying areas with quorrymuck" എന്ന ഇനത്തിന് വ്യത്യസ്ത നിരക്ക് ഉൾപ്പെടുത്തി നിർമ്മാണം നടത്തുക വഴി 131742/- രൂപയുടെ അധിക ചെലവുണ്ടായി. പ്രവർത്തികളുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ 3 വ്യത്യസ്ത നിരക്കുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

(1) od 103124/18-19 (filling up low lying and water logged ares with local meterial/quarry muck spreading in layers................by ramming etc complete)

1 $M^3$ ക്വാറിമക്കിന്റെ മാർക്കറ്റ് നിരക്ക് 930/- രൂപയായി നിശ്ചയിച്ച് തയ്യാറാക്കിയ ഈ observed data പ്രകാരം 1 $M^3$ ക്വാറി മക്ക് ഫില്ലിംഗ് കൺസോളിഡേഷൻ ഉൾപ്പെടെയുള്ള നിരക്ക് 1149.80 രൂപയാണ്.(cost index 54.9%)

(പഞ്ചായത്തിൽ തൻവർഷം ശ്രീ.എൻ.മോഹൻദാസ് എന്ന കരാറുകാരൻ മുഖേന നടപ്പാക്കിയ (എഗ്രിമെന്റ് നം-15/05.09.18) പാവ്വൂർ മുക്ക്- പി.ഐ.പി കനാൽ I & II മെറ്റലിംഗം ടാറിംഗം (പ്രോജക്റ്റ് നം-131/19) എന്ന പ്രവർത്തിയുടെ ഒന്നാം ഇനമായി നിർവ്വഹിച്ച ക്വാറിമക്ക് ഫില്ലിംഗിന് 1149.80 നിരക്കിലാണ് തുക അനുവദിച്ചിട്ടുള്ളത് .)

(2) od 155428/18-19 (filling up low lying and water logged ares with local meterial/quarry muck spreading in layers................by ramming etc complete)

1 $M^3$ ക്വാറിമക്കിന്റെ നിരക്ക് 800/- രൂപയായി നിശ്ചയിച്ച് തയ്യാറാക്കിയ ഈ observed data പ്രകാരം 1$M^3$ ക്വാറിമക്ക് ഫില്ലിംഗിന് കൺസോളിഡേഷൻ ഉൾപ്പെടെയുള്ള നിരക്ക് 1212.89രൂപയാണ്. (cost index 54.9%)

(3) od 104896/18-19 (Filling up low lying areas with quarrymuck)

1 $M^3$ ക്വാറിമക്കിന്റെ നിരക്ക് 935/- രൂപയായി നിശ്ചയിച്ച് തയ്യാറാക്കിയ observed data പ്രകാരം $1M^3$ ക്വാറിമക്ക് ഫില്ലിംഗിന് കണക്കാക്കിയിട്ടുള്ള നിരക്ക് കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ 1551.35 രൂപയാണ്. (cost index 54.9%)

എന്നാൽ 1 $M^3$ ക്വാറിമക്കിന്റെ മാർക്കറ്റ് റേറ്റ് 750/- രൂപയായി നിശ്ചയിച്ച് $1M^3$ ക്വാറിമക്ക് ഫില്ലിംഗിന് കൺസോളിഡഡേഷൻ ഉൾപ്പെടെ സമീപസ്ഥ പഞ്ചായത്തുകളിൽ (ഉദാ-പത്തിയൂർ, മുതുകുളം) അനുവദിച്ചിരിക്കുന്ന നിരക്ക് 932/- രൂപയാണ്.(cost index 54.9%)

(കുറിപ്പ്:- ക്രമ നം.(2)ലും (3)ലും observed data തയ്യാറാക്കുന്നതിലേക്ക് $384m^3$ ക്വാറിമക്കിന്റെ റേറ്റ് കണ്ടെത്തുകയും, ആയതിൽ നിന്നും 1 $M^3$ നിരക്ക് കണ്ടെത്തുന്നതിന് 384 കൊണ്ട് ഹരിക്കുന്നതിനുപകരം, 300 കൊണ്ട് ഹരിച്ച് 1 $M^3$ ന്റെ നിരക്ക് കണ്ടെത്തുകയുമാണ് ചെയ്തിട്ടുള്ളത്).

ഒരേ കാലയളവിൽ പഞ്ചായത്തിൽ നടപ്പാക്കിയ ഒരേയിനം പ്രവർത്തിക്ക് കരാറുകാർക്ക് വിഭിന്നമായ നിരക്ക് അനുവദിച്ചതിനുള്ള കാരണം വ്യക്തമല്ല. 1 $M^3$ ക്വാറിമക്കിന് 930/- രൂപ എന്നത് അംഗീകരിച്ചാൽ പോലും അനുവദനീയമായ നിരക്ക് കൺസോളിഡഡേഷൻ ഉൾപ്പെടെ 1149.8 രൂപ ആണെന്നതിനാൽ ഈ ഇനത്തിൽ അധിക ചെലവുണ്ടായ പ്രവർത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവർത്തിയുടെ പേരും പ്രോജക്റ്റ് നമ്പരും | കരാറുകാരൻ | എഗ്രിമെന്റ് നം. | ക്വറിമക്ക് ഫില്ലിംഗ് അളവ് | അനുവദിച്ച തുക | അനുവദനീയമായ തുക @1149.8/$m^3$ | അധികം നൽകിയ തുക | അളവ് പുസ്തക നമ്പർ | ട്രഷറി ബിൽ നം./ തീയതി |
|---|---|---|---|---|---|---|---|---|---|
| 1 | വാത്തിയത്ത് മുക്ക് മുതൽ തെക്കോട്ട് കടമ്പനാട്ട്-കോയിക്കൽ റോഡ് മെറ്റലിംഗ് ആൻറ് ടാറിംഗ്( 134/19) | ശ്രീ.എൻ.മോഹൻദാസ് | 25/11-09-18 | 71.04 $m^3$ | 110183 @1551/$m^3$ | 81682 | 28501 | 45/18-19 | 52/14-01-19 |
| 2 | മൂലയ്ക്കാട്ട്-കിണർമുക്ക് റോഡ് പുനരുദ്ധാരണം(102/19) | ശ്രീ.എൻ.മോഹൻദാസ് | 49/17-10-18 | 83.2 $m^3$ | 129072@1551.35/$m^3$ | 95663 | 33409 | 1022/18 | 34/18-12-18 |
| 3 | വടക്കേടത്ത് കൈതവനേത്ത് റോഡ് മെറ്റലിംഗ് ആൻറ് ടാറിംഗ് (92/19) | ശ്രീ.എൻ.മോഹൻദാസ് | 22/07-09-18 | 74.9/$m^3$ | 116196@1551.35/$m^3$ | 86120 | 30076 | 1015/18 | 42/28-12-18 |
| 4 | പുത്തൻവീട്ടിൽ ജംഗ്ഷൻ പെരിങ്ങറ ക്ഷേത്രം റോഡ് മെറ്റലിംഗ് ആൻറ് ടാറിംഗ് (93/19) | ശ്രീ.എൻ.മോഹൻദാസ് | 48/17-10-18 | 61.95/$m^3$ | 96106@1551.35/$m^3$ | 71230 | 24876 | 1014/18 | 36/18-12-18 |
| 5 | ഹോമിയോ വയലശ്ശേരിൽ റോഡ് സെക്കൻറ് റീച്ച് കോൺക്രീറ്റിംഗ് -സംരക്ഷണഭിത്തി നിർമ്മാണം(124/19) | ശ്രീ.കെ ബാലകൃഷ്ണൻ | 51/17-10-18 | 235.85/$m^3$ | 286060@1212.89/$m^3$ | 271180 | 14880 | 53/18-19 | 63/27-03-19 |
| ആകെ അധികം നൽകിയ തുക (രൂപ) | | | | | | | 131742 | | |

ഇപ്രകാരം ഒരേ കാലയളവിൽ നിർവ്വഹിച്ച ഒരേ ഇനം പ്രവർത്തിക്ക് വ്യത്യസ്ത നിരക്ക് അനുവദിച്ചതിനുമേൽ വിശദീകരണം ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-12/28.09.2019) "അസിസ്റ്റന്റ് എൻജിനീയർ തയ്യാറാക്കുന്ന എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകുന്നത് ബ്ലോക്കിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറാണെന്നും ഡേറ്റാ തയ്യാറാക്കേണ്ടത് എപ്രകാരമെന്നത് സംബന്ധിച്ച് ആലപ്പുഴ എക്സിക്യൂട്ടീവ് എൻജിനീയറുടെ ഇ-മെയിൽ സന്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് observed data തയ്യാറാക്കിയതെന്നുമാണ്" നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എൻജിനിയർ മറുപടി നൽകിയത്. മറുപടിയോടൊപ്പം ടിയാൾ ഹാജരാക്കിയതാകട്ടെ "Costruction of granular sub base by providing local meterial spreading in uniform layers----------------------with smooth wheel roller to achieve the desired density complete "(specification code od 138211/2018-2019) പ്രസ്തുത ഡേറ്റാ പ്രകാരം ഈ ഇനത്തിന് അനുവദനീയമായ നിരക്ക് 1588.83/$M^3$ ആണ്. എന്നാൽ

ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ട വർക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത് മറുപടിയിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള ഇനം പ്രവർത്തിയല്ല. (മറുപടിയിൽ പ്രതിപാദിക്കുന്ന ഇനം ഉൾപ്പെടുത്തി ഇതേ കാലയളവിൽ പഞ്ചായത്തിൽ മറ്റു പ്രവർത്തികൾ നിർവ്വഹിച്ചിട്ടുണ്ട്). ക്വാറിമക്ക് ഫില്ലിംഗിനായി എസ്റ്റിമേറ്റിൽ വ്യത്യസ്ത നിരക്ക് observed data ആയി ഉൾപ്പെടുത്തി ക്രമപ്രകാരമല്ലാതെ അധിക നിരക്ക് അനുവദിച്ചതാണ് എസ്റ്റിമേറ്റ് നിരക്കിൽ പ്രവർത്തി ഏറ്റെടുത്ത കരാറുകാർക്ക് അധിക തുക നൽകുവാൻ ഇടയാക്കിയതെന്നതിനാൽ മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ ഈ ഇനത്തിൽ അധികം ചെലവഴിച്ച 131742/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എൻജിനീയറിൽ നിന്നും സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും തുല്യമായി ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## 1-26 ടെൻഡർ കുറവ് പരിഗണിക്കാതെ കരാറുകാരന് അധികം നൽകിയ തുക ഓഡിറ്റ് കണ്ടെത്തലിനെ തുടർന്നു തിരിച്ചടച്ചു-ഓഡിറ്റ് ഇംപാക്ട്.

പഞ്ചായത്തിൽ 2018-19 വർഷം നടപ്പാക്കിയ ഒതളപ്പുഴ മുതൽ പൊക്കാട്ട് വരേയും, അറയ്ക്കൽ മുതൽ കൊട്ടക്കാട്ട് വരേയും രണ്ടാംഘട്ട മെറ്റലിംഗും ടാറിങ്ങും, കൊട്ടക്കാട്ട് മുതൽ ട്രാൻസ്ഫോർമർ മുക്ക് വരെ റീടാറിംങ്ങ് എന്ന പ്രവൃത്തിയുടെ (പ്രോജക്ട് നം.152/18) നിർവ്വഹണം 0.65 ശതമാനം കുറഞ്ഞ നിരക്കിൽ ശ്രീ.അജയ് അശോക് എന്ന കരാറുകാരനെ ചുമതലപ്പെടുത്തിയിരുന്നു. (18-12-17 ലെ 1(3) തീരുമാനം) 27.03.2018 ൽ പൂർത്തികരിച്ച പ്രവൃത്തിക്ക് 12,22,037/-രൂപ മൂല്യനിർണ്ണയം നടത്തുകയും നികുതികൾ ഇനത്തിൽ 30,866/-രൂപ കുറവ് ചെയ്ത് ശേഷിച്ച 11,91,171/-രൂപ കരാറുകാരന് നൽകുകയും ചെയ്തു. (ട്രഷറി ബിൽ നം.10/20.06.18) കരാറുകാരൻ ക്വാട്ട് ചെയ്തിരുന്ന 0.65% ടെണ്ടർ കുറവ് പരിഗണിക്കാതെ ഫൈനൽ ബിൽ തുക അനുവദിക്കുകവഴി 7,943/-രൂപ യുടെ അധിക ചെലവുണ്ടായി (12,22,037X0.65%) അപാകത ചൂണ്ടിക്കാട്ടി ഓഡിറ്റ് അന്വേഷണം നൽകയതിനെ തുടർന്ന് (no.11/28.09.19) അധികം പിൻവലിച്ച 7,943/-രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്തിൽ ഒടുക്കുവരുത്തി രസീത് ഹാജരാക്കി. (രസീത് നം.119040105103/01-10-19). ഈ തുക ബന്ധപ്പെട്ട ഹെഡ്ഡിൽ തിരിച്ചടച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-27 ഇ.എം.എസ് ലോൺ മുതൽ തിരിച്ചടവ് -പ്രഭവ സ്ഥാനത്തുനിന്നുള്ള കിഴിക്കൽ-പഞ്ചായത്തിന്റെ കണക്കുകളിൽ അവ്യക്തത

പഞ്ചായത്തിന്റെ ഇ.എം.എസ് ലോൺ രജിസ്റ്റർ പ്രകാരം 31.03.2019 ൽ ഇ.എം.എസ് ലോൺ തിരിച്ചടവ് ബാക്കിയുള്ളത് കണ്ണമംഗലം സർവ്വീസ് സഹകരണ ബാങ്കിന് നൽകുവാനുള്ള 10,89,739/- രൂപയാണ്. സ.ഉ(സാധാ)നം- 1514/2018/ധന തീയതി.31.03.2018 പ്രകാരം വികസനഫണ്ടിന്റെ മൂന്നാം ഗഡുവായി 63,89,702/- രൂപ അനുവദിച്ചിരുന്നു. എന്നാൽ ഈ ഉത്തരവിന് സ.ഉ(സാധാ) നം-2999/2018/fin തീയതി. 31.03.2018 പ്രകാരം വന്ന ഭേദഗതി ഉത്തരവിൽ പഞ്ചായത്തിന്റെ ഇ.എം.എസ് ലോൺ ബാധ്യത (പഞ്ചായത്ത് അറിയിച്ച 1251179) ഉറവിടത്തിൽ നിന്നും ഈടാക്കിയിരുന്നു. മേൽ പ്രഭവസ്ഥാനത്ത് നിന്നും ഈടാക്കിയ തുകയിൽ കണ്ണമംഗലം സർവ്വീസ് സഹകരണബാങ്കിന് നൽകുവാനുള്ള 10,89,739/- രൂപയും മേനമ്പള്ളി സർവ്വീസ് സഹകരണ ബാങ്കിന് നൽകുവാനുണ്ടെന്ന് തെറ്റായി നിർണ്ണയിച്ച 1,61,440/- രൂപയും ഉൾപ്പെടുന്നു. വികസന ഫണ്ടിന്റെ മൂന്നാം ഗഡുവിനത്തിൽ ലഭിക്കേണ്ട 63,89,702/- രൂപയിൽ നിന്നും 12,51,179/- രൂപ കുറച്ച് 51,38,523/- രൂപ മാത്രമാണ് ഭേദഗതി ചെയ്ത ഉത്തരവ് പ്രകാരം അനുവദിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ മുൻപ് അടവാക്കിയ 1,61,440/- രൂപ ജേണൽ എൻട്രി നടത്തി ലോൺ ബാധ്യതയായ 12,51,179/- രൂപ എ.എഫ്.എസ്സിൽ നിന്നും നീക്കി. ആയതിനാൽ 2018-19 ലെ ബാലൻസ് ഷീറ്റിൽ ഇ.എം.എസ് ലോൺ ബാധ്യത ഉൾപ്പെടുന്നില്ല. യഥാർത്ഥ ബാധ്യതയായിരുന്ന കണ്ണമംഗലം സർവ്വീസ് സഹകരണബാങ്കിന് നൽകുവാനുള്ള 10,89,739/- രൂപ ബാങ്കിന് ഗവൺ മെന്റിൽ നിന്നും ലഭിച്ചിട്ടുണ്ടോയെന്ന കാര്യം വ്യക്തമല്ല. സർക്കാർ വികസനഫണ്ടിൽ നിന്നും നടത്തിയ സോഴ്സ് ഡിഡക്ഷൻ തുക മേനമ്പള്ളി സർവ്വീസ് സഹകരണ ബാങ്കിന് ലഭിച്ചിട്ടുണ്ടോയെന്നും അന്വേഷിക്കേണ്ടതും ഓഡിറ്റ് വകുപ്പിനെ വിവരം അറിയിക്കേണ്ടതുമാണ്. പ്രഭവ സ്ഥാനത്തു നിന്നും ഇ.എം.എസ് ലോൺ മുതൽ തിരിച്ചടവ് സർക്കാർ നൽകിയിരിക്കെ 20.09.2019 ൽ മേനമ്പള്ളി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ലഭ്യമായ 1,61,440/- രൂപ കണ്ണമംഗലം സർവ്വീസ്

സഹകരണ ബാങ്കിന് നൽകിയതും തെറ്റായ നടപടിയാണ്. വിഷയത്തിൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതും, ഈയിനത്തിൽ ടി ബാങ്കുകൾക്ക് തുക അധികം നൽകിയിട്ടുള്ള പക്ഷം ആയത് തിരികെ ഈടാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-28 ഇ.എം.എസ് ലോൺ-മുതൽ തിരിച്ചടവ് ബാക്കിയില്ലാത്ത ബാങ്കിന് തുക നൽകി

ഇ.എം.എസ് ലോൺ രജിസ്റ്റർ പരിശോധിച്ചതിൽ, പഞ്ചായത്ത് 15.04.2016 ൽ മേനമ്പള്ളി സർവ്വീസ് സഹകരണ ബാങ്കിൽ തിരിച്ചടച്ച 1,61,440/- രൂപ കിഴിച്ച ശേഷമുള്ള ലോൺ ബാധ്യത കണക്കാക്കുന്നതിൽ പിഴവ് പറ്റുകയും അടവിനുശേഷമുള്ള യഥാർത്ഥത്തിലുള്ള ബാധ്യതയായ 3,61,445/- ന് പകരം മുൻപ് ബാക്കിനിന്ന തുക തന്നെ എഴുതുകയും ചെയ്തു. തെറ്റായി തയ്യാറാക്കിയ രജിസ്റ്ററിന്റെ അടിസ്ഥാനത്തിൽ 2017-18 ൽ ഇ.എം.എസ് ലോൺ തിരിച്ചടവിന് പ്രോജക്റ്റ് വക്കുകയും മുൻപ് നൽകിയ അതേ തുക മേനമ്പള്ളി സർവ്വീസ് സഹകരണ ബാങ്കിന് നൽകുകയും ചെയ്തു. (പ്രോജക്റ്റ് നം-3/വികസനഫണ്ട് പൊതുവിഭാഗം/18.07.2017 ലെ വൗച്ചർ നം.21700896) മേനമ്പള്ളി സർവ്വീസ് സഹകരണബാങ്കിലെ ലോൺ 20.12.2016 ൽ ക്ലോസ് ചെയ്തിരുന്നതാണ്. എന്നാൽ വീണ്ടും തെറ്റായ രജിസ്റ്റർ അടിസ്ഥാനമാക്കി ടി ബാങ്കിന് 18.07.2017 ൽ നൽകി. അപാകം മനസിലാക്കിയ പഞ്ചായത്ത് ഏകദേശം ഒരു വർഷത്തിന് ശേഷം 12.06.2018 ൽ മേനമ്പള്ളി സർവ്വീസ് സഹകരണ ബാങ്കിന് കത്ത് നൽകിയെങ്കിലും തുക തിരിച്ച് പഞ്ചായത്തിന് കിട്ടിയത് 11.01.2019 ൽ മാത്രമാണ്. ഈ തുക 20.09.2019 ൽ ലോൺ ബാധ്യത ബാക്കി നിൽക്കുന്ന കണ്ണമംഗലം സർവ്വീസ് സഹകരണബാങ്കിന് നൽകുകയും ചെയ്തു. ലോൺ രജിസ്റ്ററിലെ തെറ്റായ രേഖപ്പെടുത്തലുകൾ കാരണം വികസനഫണ്ട് 17 മാസക്കാലം മറ്റൊരു ബാങ്കിന്റെ സസ്പെൻസ് ഹെഡ്ഡിൽ തുടരുന്നതിനിടയാക്കി. കൂടാതെ ഇ.എം.എസ് ലോൺ ഇനത്തിൽ യഥാർത്ഥ ബാധ്യതയുണ്ടായിരുന്ന അക്കൗണ്ടിൽ അടവാക്കാത്തത് സർക്കാരിന് ഈ ഇനത്തിൽ കൂടുതൽ പലിശ ബാധ്യതക്കും വഴിവച്ചു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.29/04.10.2019)മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിന്റെ വികസന ഫണ്ട് വിഹിതത്തിൽ നിന്ന് 1,61,440/- രൂപ പിൻവലിച്ച് ലോൺ ബാധ്യത ഇല്ലാത്ത സ്ഥാപനത്തിന് നൽകിയത് അക്കാലയളവിലെ അക്കൗണ്ടന്റ്, നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി എന്നിവരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ 1,61,440/- രൂപയുടെ 17 മാസത്തെ 12 ശതമാനം നിരക്കിലുള്ള പലിശ ടി ഉദ്യോഗസ്ഥരുടെ ബാധ്യതയായി നിർണ്ണയിക്കുന്നു. പലിശ തുകയായ 27,438/- രൂപ ടി കാലയളവിലെ അക്കൗണ്ടന്റ് സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-29 സ്കൂൾ പരിസരത്ത് അപകടകരമായി നിൽക്കുന്നവൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിന് കഴിഞ്ഞില്ല

ഏകദേശം 220 കുട്ടികൾ പഠിക്കുന്ന കണ്ണമംഗലം ഗവ.യു.പി.എസ് പരിസരത്ത് സ്കൂൾ കുട്ടികൾക്കും കെട്ടിടങ്ങൾക്കും അപകട ഭീഷണിയായി നിൽക്കുന്ന മരങ്ങൾ വെട്ടിമാറ്റുന്നതിന് സ്കൂൾ പ്രഥമാധ്യാപിക 16.07.2018 ൽ പഞ്ചായത്തിന് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ മരങ്ങൾ മുറിച്ചുമാറ്റുന്നതിനും ടി മരങ്ങൾ ലേലം ചെയ്യുന്നതിന് ആലപ്പുഴ സോഷ്യൽ ഫോറസ്റ്ററി ഡിവിഷന്റെ മൂല്യനിർണ്ണയത്തിന് അഭ്യർത്ഥിച്ചുകൊണ്ടും 17.07.2018 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിരുന്നു. (തീരുമാനം നം.4/1) തുടർന്ന് 03.11.2018 ലെ വനം വന്യജീവി വകുപ്പിന്റെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ടി മരങ്ങൾ 11.01.2019 ൽ ലേലത്തിനും 06.02.2019 ൽ പുനലേലത്തിനും വച്ചിരുന്നെങ്കിലും ആരും പങ്കെടുത്തില്ല. തുടർന്ന് 27.02.2019 ൽ ക്വട്ടേഷൻ ക്ഷണിച്ചിരുന്നെങ്കിലും ആരും ക്വട്ടേഷൻ സമർപ്പിച്ചില്ല. ഈ വിഷയത്തിൽ സജി.എസ്.കെ, വല്ലൂർ, കണ്ണമംഗലം തെക്ക് എന്നയാൾ കേരള സംസ്ഥാന ബാലാവകാശ കമ്മീഷനിൽ നൽകിയ ഹർജിയുടെ വിധിന്യായത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ചെങ്ങന്നൂർ ആർ.ഡി.ഒ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് എന്നിവർ മരം മുറിച്ചു മാറ്റുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. (No-CRMP 7984/04/C2/2018/KeSCPCR dated: 19.12.2018) ഇത് സംബന്ധിച്ച് നിരവധി വിവരാവകാശ അപേക്ഷകളും പഞ്ചായത്തിന് ലഭിക്കുന്നുണ്ട്. 26.06.2018 ലുണ്ടായ അതിശക്തമായ കാറ്റിലും മഴയിലും സ്കൂളിന്റെ ക്ലാസ് മുറികൾക്കും ഓഫീസ് കെട്ടിടത്തിനും നാശനഷ്ടങ്ങൾ സംഭവിക്കുകയും സ്കൂൾ പ്രവർത്തനസമയമല്ലാത്തതിനാൽ മാത്രം വലിയ ദുരന്തം ഒഴിവാകുകയും ചെയ്തിരുന്നു. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം-17/ ) മറുപടിയിൽ വൃക്ഷങ്ങൾക്ക് ഫോറസ്റ്റ് വിഭാഗം

കണക്കാക്കിയ വാല്യൂവേഷൻ വളരെ ഉയർന്നതാണെന്ന് ആരോപിച്ചാണ് വ്യക്തികൾ ലേലത്തിൽ നിന്നും വിട്ടുനിൽക്കുന്നതെന്ന മറുപടിയാണ് സെക്രട്ടറി ഓഡിറ്റിന് ലഭ്യമാക്കിയത്. അപായകരമായ വൃക്ഷങ്ങളുടെ കാര്യത്തിൽ മുൻകരുതലുകളെടുക്കേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണ്. ആയതിനാൽ കുട്ടികളുടെ സുരക്ഷ മുൻനിർത്തിയുള്ള തീരുമാനം കൈക്കൊള്ളുന്നതിന് പഞ്ചായത്ത് സമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലുണ്ടാകേണ്ടതാണ്.

## 1-30 എൽ ഇ ഡി ലൈറ്റുകൾ - സ്ഥാപിച്ചതായി കെ എസ് ഇബിയിൽ നിന്ന് സാക്ഷ്യപത്രം ഹാജരാക്കിയില്ല

8-ാം വാർഡിൽ എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിക്കൽ പ്രോജക്ട് (നം.118/19) പ്രകാരം 300 എൽ ഇഡി ലൈറ്റുകൾ ഉഷാ ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിൽ നിന്ന് 1548/- രൂപാ നിരക്കിൽ വാങ്ങിയിട്ടുണ്ട്. ഇതിനായി ആകെ 4,64,400/- രൂപ ചെലവഴിച്ചിട്ടുണ്ട്. ടി ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള സൂപ്പർവിഷൻ ചാർജ്ജായി 8,544/- രൂപ 2019-20 ൽ കെ എസ് ഇ ബിയിൽ അടച്ചിട്ടുണ്ട്. എന്നാൽ ഉപകരണങ്ങൾ സ്ഥാപിച്ചതായുള്ള കെ എസ് ഇ ബിയുടെ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിൽ ലൈറ്റുകൾ കരാറുകാരന് നൽകിയതായി രേഖപ്പെടുത്തിയിട്ടുമില്ല. ലൈറ്റുകൾ സ്ഥാപിച്ചതായുള്ള രേഖകൾ ഹാജരാക്കാതിരുന്നതിനാൽ 4,64,400/- രൂപയുടെ (ബിൽ നം.30/23.03.2019-184971, ബിൽ നം.31/23.3.19-82395 ) ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 തെരുവ് വിളക്ക് - സാധനങ്ങൾ വാങ്ങലും മെയിന്റനൻസും- കരാറുകാരനിൽ നിന്ന് ആദായ നികുതി ഈടാക്കിയില്ല

തെരുവ് വിളക്ക് - സാധനങ്ങൾ വാങ്ങലും മെയിന്റനൻസും (പ്രോജക്ട് നം. S0141/19) പ്രോജക്ട് പ്രകാരം തെരുവ് വിളക്കുകളുടെ മെയിന്റനൻസ് ഇനത്തിൽ കരാറുകാരനായ കുരുവിള പി എം എന്ന വ്യക്തിക്ക് ആകെ പ്രവർത്തി മൂല്യത്തിന് നൽകിയ തുകയ്ക്ക് ആനുപാതികമായ ആദായ നികുതി ടിയാനിൽ നിന്ന് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആകെ പ്രവർത്തി മൂല്യം | ഈടാക്കേണ്ട ആദായ നികുതി | ബിൽ നം./ തീയതി | റിമാർക്സ് |
|---|---|---|---|
| 57335 | 573 | 19/31.12.18 | |
| 90675 | 906 | 17/27.11.18 | |
| 82395 | 823 | 31/23.3.19 | |
| 105585 | 1056 | 12/29.9.18 | |
| 159045 | 1590 | 8/16.7.18 | ആദായ നികുതിബില്ലിൽകുറവ് ചെയ്തിട്ടുണ്ടെങ്കിലും അടച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല. |
| ആകെ | 4948 | | |

അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/26.9.19) ആദായ നികുതി ഇനത്തിൽ സംഭവിച്ച 4948/- രൂപയുടെ നഷ്ടം. കരാറുകാരനിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചു. നികുതി അടച്ച് പ്രസ്തു ത വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-32 തെരുവ് വിളക്കുകളുടെ മീറ്റർ സംവിധാനം -നാളിതുവരെ നടപ്പായില്ല

2016-17 വർഷം തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ പ്രോജക്ട് (നം.187/17) പ്രകാരം തെരുവ്

വിളക്കുകളുടെ മീറ്റർ സ്ഥാപിക്കുന്നതിന് 1,48,400/- രൂപ കെ എസ് ഇ ബി മാവേലിക്കര സെക്ഷനിലും 6,89,000/- രൂപ കെ എസ് ഇ ബി തട്ടാരമ്പലം സെക്ഷനിലും 2,29,600/- രൂപ കായംകുളം കെ എസ് ഇ ബി യിലും അടച്ചിരുന്നു. മീറ്റർ സ്ഥാപിക്കലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം.6/26.9.19) നൽകിയതിന് ഹാജരാക്കിയ മറുപടിയിൽ തെരുവ് വിളക്കുകളുടെ മീറ്റർ സ്ഥാപിക്കൽ സംബന്ധിച്ച പ്രവർത്തികൾ പൂർത്തിയായിട്ടില്ലെന്ന് അറിയിച്ചു.

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ മാസം 2,50,586/- രൂപ ഗ്രാമപഞ്ചായത്ത് അടയ്ക്കേണ്ടതായി വരുന്നു. കറണ്ട് ചാർജ്ജ് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ഗ്രാമപഞ്ചായത്തിന്റെ ഭൂരിഭാഗം തെരുവ് വിളക്കുകളും എൽ ഇ ഡി ആയി മാറ്റിയിട്ടുള്ളതാണ്. എന്നാൽ മീറ്റർ സംവിധാനം ഏർപ്പെടുത്താത്തത് മൂലം ഇതിന്റെ പ്രയോജനം ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. ആകയാൽ മീറ്റർ സംവിധാനം ഏർപ്പെടുത്തി ഉപയോഗിച്ച വൈദ്യുതിയുടെ മാത്രം കറണ്ട് ചാർജ്ജ് അടയ്ക്കുന്നതിനുള്ള നടപടികൾ കൈകകൊള്ളേണ്ടതും കറന്റ് ചാർജ്ജിനത്തിലുള്ള പഞ്ചായത്തിന്റെ ബാദ്ധ്യത കുറയ്ക്കേണ്ടതുമാണ്.

## 1-33 സോളാർ പാനൽ സ്ഥാപനം - ഉത്പാദിപ്പിക്കുന്ന വൈദ്യുതി സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടില്ല

2016-17 വർഷത്തെ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ സോളാർ പാനൽ സ്ഥാപിച്ചിട്ടുണ്ട്. 11.08.2017 ൽ സ്ഥാപിക്കപ്പെട്ട ഈ പാനലിൽ നിന്ന് ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി കെ എസ് ഇ ബി പവർഗ്രിഡിലേക്ക് സപ്ലൈ ചെയ്യുന്ന സംവിധാനമാണ് നിലവിൽ ഉള്ളത്. ഇപ്രകാരം ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ അളവ്, പവർഗ്രിഡിലേക്ക് നൽകുന്ന വൈദ്യുതിയുടെ അളവ്, ഗ്രാമപഞ്ചായത്തിലെ വൈദ്യുതിയുടെ ഉപഭോഗം, ഉപഭോഗത്തിന് ശേഷമുള്ള വൈദ്യുതിയ്ക്ക് ആനുപാതികമായി കെ എസ് ഇ ബിയിൽ നിന്ന് ലഭിക്കേണ്ട തുക, ലഭിച്ച തുക, ലഭിക്കാൻ അവശേഷിക്കുന്ന തുക എന്നിവയുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ, തട്ടാരമ്പലത്തിന്റെ 08.04.2019 ലെ കത്ത് പ്രകാരം സോളാർ പാനലിൽ നിന്ന് 12.03.2019 വരെ ഗ്രാമപഞ്ചായത്ത് കെ എസ് ഇ ബി ഗ്രിഡിൽ നിന്നും എടുത്ത വൈദ്യുതി 5293 യൂണിറ്റും ഗ്രിഡിലേക്ക് എക്സ്പോർട്ട് ചെയ്തത് 9037യൂണിറ്റുമാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. സെപ്റ്റംബർ 2018 വരെ ഗ്രിഡിലേക്ക് എക്സ്പോർട്ട് ചെയ്ത 1722 യൂണിറ്റിന് 3.26 രൂ നിരക്കിൽ 5613/- രൂപ നൽകിയിട്ടുതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച രജിസ്റ്ററുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ലഭിച്ച തുകയുടെ കൃത്യത ബോദ്ധ്യപ്പെടാൻ സാധിച്ചിട്ടില്ല. സോളാർപാനലിൽ നിന്ന് ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി സംബന്ധിച്ച രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 എസ് റ്റി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം -രേഖകൾ പൂർണ്ണമല്ല

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ എസ് റ്റി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങൽ പ്രോജക്ട് പ്രകാരം 2 ലാപ് ടോപ്പുകൾ 26,899/- രൂപാ നിരക്കിൽ (53798/- രൂപ -ബിൽ നം.27/23.2.19) വാങ്ങിയിട്ടുണ്ട്. ഈ പ്രോജക്ട് പ്രകാരം ലാപ് ടോപ്പ് കൈപ്പറ്റിയ അഞ്ജിത.പി, തട്ടക്കാട്ട് തെക്കേതിൽ, പേള എന്ന ഗുണഭോക്താവ് പഠിക്കുന്ന കോഴ്സ് സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 7/26.09.2019) വിദ്യാർത്ഥിനി പഠിക്കുന്ന സ്ഥാപനത്തിന്റെ മേധാവി നൽകിയ സാക്ഷ്യപത്രത്തിൽ കോഴ്സിന്റെ പേര് രേഖപ്പെടുത്തിയിരുന്നില്ല എന്നും ഇത് സംബന്ധിച്ച രേഖകൾ പിന്നീട് ഹാജരാക്കുന്നതാണെന്നും അറിയിച്ചു. നിലവിൽ രേഖകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ 26,899/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-35 തുല്യതാപഠനം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

ഹെഡ്മാസ്റ്റർ, കണ്ണമംഗലം ഗവ.യു.പി സ്കൂൾ നടപ്പാക്കിയ സാക്ഷരത തുല്യതാ പഠനം (S0036/19) പ്രോജക്ട് പ്രകാരം ഹയർ സെക്കന്ററി 1-ാം വർഷത്തെ 29 പഠിതാക്കൾക്കായി 2500/- രൂപാ വീതം 72500/- രൂപ, ഹയർ സെക്കന്ററി 2-ാം വർഷത്തെ 9 പഠിതാക്കൾക്കായി 1950/- രൂപാ വീതം 17550/- രൂപ, പത്താം തരം തുല്യതയ്ക്ക് 10 പഠിതാക്കൾക്ക് 2500/- രൂപാ വീതം 25000/- രൂപ ഉൾപ്പടെ ആകെ 115050/- രൂപ (ബിൽ നം.7/25.03.2019) കേരള സംസ്ഥാന സാക്ഷരതാമിഷനിൽ അടച്ചിട്ടുണ്ട്. എന്നാൽ പഠിതാക്കൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തതിന്റെ

രേഖകൾ, സാക്ഷരതാമിഷനിൽ നിന്നുള്ള തുക വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയക്ക് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം.15/28.09.2019) നൽകിയിരുന്നുവെങ്കിലും മറുപടി ഹാജരാക്കാതിരുന്നതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു .

## 1-36 ഇടവിളകൃഷി - സബ്സിഡി നിർണ്ണയിച്ചതിൽ വ്യക്തതയില്ല

കൃഷി ഓഫീസർ നടപ്പാക്കിയ ഇടവിളകൃഷി പ്രോജക്ട് പ്രകാരം വി എഫ് പി സി കെയിൽ നിന്ന് ഇടവിളക്കിറ്റുകൾ വാങ്ങി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. കിറ്റുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള കിഴങ്ങ് വർഗ്ഗങ്ങളുടെ വിശദാംശങ്ങൾ (ഇനം, അളവ്) എന്നിവ ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ കിഴങ്ങുകളുടെ ഇനം അളവ് എന്നിവ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ തുക അനുവദിച്ചതിന്റെ കൃത്യത ബോദ്ധ്യപ്പെടാൻ സാധിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിവരങ്ങൾ | വാങ്ങിയ കിറ്റുകളുടെ എണ്ണം | തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ |
|---|---|---|
| ഇടവിളകൃഷി (ജനറൽ) പ്രോജക്ട് (S0027/19) | 2520@600 | 1512000( ബിൽ നം. p6/27.12.18) -1012000<br>ചെക്ക് നം. 3322919/29.3.19- 500000 രൂപ) |
| ഇടവിളകൃഷി (SCP ) പ്രോജക്ട് (S0037/19) | 132@600<br>80@400 | 79200+<br>32000<br>= 111200(ബിൽ നം.p9/28.1.19 ) |
| ആകെ | | 1623200 |

ഇടവിളക്കിറ്റുകൾ വാങ്ങിയതിന്റെയും വിതരണം ചെയതതിന്റെയും വിവരങ്ങൾ സ്റ്റോക്കിൽ ചേർത്തതായി കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ഹാജരാക്കാതിരുന്നതിനാൽ 16,23,200/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു .

## 1-37 കന്നുകുട്ടിപരിപാലനം വിനിയോഗരേഖകൾ പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് ഹാജരാക്കേണ്ടതാണ്.

കന്നുകുട്ടിപരിപാലനം പ്രോജക്ട് പ്രകാരം കാഫ് ഫീഡ് പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകുന്നതിനായി തുക പിൻവലിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റിന്റെ പേര്, പ്രോജക്റ്റ് നം. | തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ |
|---|---|
| കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം(എസ് സി)(S0054/19) | 100000-(ബിൽ നം.12/28.2.19) |
| കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം(ജനറൽ )(S0054/19) | 325000 - (ബിൽ നം. 1/28.11.18) |

മേൽ പ്രോജക്റ്റുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ നിലനിൽക്കുന്നു.

1) കാലിത്തീറ്റ സ്റ്റോക്ക് ചെയ്ത് വിതരണം നടത്തുന്നതിലേക്കായി തെരഞ്ഞെടുത്തിട്ടുള്ള സൊസൈറ്റികൾ ഏതൊക്കെയെന്ന് വ്യക്തമാക്കിയിരുന്നില്ല.

2) തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ ഉരുക്കളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല.

3) മേൽ പദ്ധതികൾ നിലവിൽ ആരംഭിച്ചിട്ടുണ്ടോയെന്ന് ഫയലിൽ വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/04.10.2019) ഹാജരാക്കിയ മറുപടിയിൽ മാവേലിക്കര മിൽക്ക് സപ്ലൈ കോർപ്പറേഷൻ A91 ലാണെന്നും ഉരുക്കളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ മാവേലിക്കര R.A.H.Cകാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ പക്കലാണുള്ളതെന്നുംപറഞ്ഞിരിക്കുന്നു. എന്നാൽ ഇത് സംബന്ധിച്ച രേഖകൾ പരിശോധനയക്ക് ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിക്കുന്ന മുറയക്ക് വിനിയോഗ സാക്ഷ്യപത്രം മറ്റ് അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ്.

## 1-38 പഠനമുറി നിർമ്മാണം - പൂർത്തീകരിച്ചില്ല

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പഠനമുറി നിർമ്മാണം പ്രോജക്റ്റിന്റെ (നം.S047/19) നിർവ്വഹണ സംബന്ധമായ രേഖകൾ പരിശോധിച്ചതിൽ മുൻകൂർ കൈപറ്റിയ താഴെപറയുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതായി കാണുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ |
|---|---|---|
| 1 | മീനാക്ഷി.എസ്, വിനോദ് ഭവനം, ആഞ്ഞിലിപ്ര | ബിൽ നം.15/30.11.18-50000 |
| 2 | മേഘരാജ്, പുതുവിളതെക്കേതിൽ, ഈരേഴ | ബിൽ നം.18/8.1.19- 50000 |
| 3 | അജിതാകുമാരി, കോയിക്കതെറയിൽ ,കണ്ണമംഗലം, വാർഡ് | ബിൽ നം.21/21.1.19-50000 |
| 4 | രശ്മിരാജൻ, വടക്കേമുപ്പതിൽ, കരിപ്പുഴ, വാർഡ് | ബിൽ നം.23/22.2.19-50000 |
| 5 | അതുല്യ എസ്, ഉദയഭവനം, ഈരേഴ തെക്ക് | ബിൽ നം.34/13.3.19-50000 |
| | ആകെ | 250000 |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഹാജരാക്കിയ മറുപടിയിൽ മീനാക്ഷി, വിനോദ് ഭവനം, മേഘാരാജ് പുത്തുവിളതെക്കേതിൽ എന്നീ ഗുണഭോക്താക്കൾ പണി തുടങ്ങിയിട്ടില്ല എന്നും തുക തിരികെ അടയ്ക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതാണ് എന്നും അറിയിച്ചു. ടി ഗുണഭോക്താക്കൾ നിർമ്മാണം നടത്താത്തപക്ഷം തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. മറ്റ് ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ച് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-39 സ്കൂളുകളുടെ ഭൗതിക സാഹചര്യം - മെച്ചപ്പെടുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിൽ 9 സ്കൂളുകളാണുള്ളത്. 2018-19 വർഷം പ്രഭാതഭക്ഷണം നൽകുന്നതിനായി 16,99,029/- രൂപ ചെലവഴിച്ചിരുന്നു. ഇത് കൂടാതെ അടിസ്ഥാന സൗകര്യ വികസനത്തിനായി

നടപ്പാക്കിയ 4 പ്രോജക്റ്റുകൾക്കായി ആകെ 29,62,081/- രൂപ ഗ്രാമപഞ്ചായത്തിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. എങ്കിലും ഈ സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത പൂർണ്ണമായും പരിഹരിക്കപ്പെട്ടില്ല എന്ന് പ്രസ്തുത സ്കൂളുകളിലെ പ്രഥമാധ്യാപകർ ലഭ്യമാക്കിയ താഴെ ചേർത്തിട്ടുള്ള കണക്കുകൾ വ്യക്തമാക്കുന്നു.

| ക്രമനം. | സ്കൂളിന്റെ പേര് | അപര്യാപ്തത |
|---|---|---|
| 1 | ഗവ.യുപി എസ് കണ്ണമംഗലം | 216 കുട്ടികൾ പഠിക്കുന്നു.<br>എന്നാൽ ഇവർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ തുലോം കുറവാണ്. അടുക്കള ജീർണ്ണാവസ്ഥയിലാണ്. സ്റ്റോർ റൂം, ഭക്ഷണശാല, വായനാമുറി എന്നിവയില്ല. പെൺകുട്ടികളുടെ യൂറിനൽസ് ഉപയോഗ ക്ഷമമല്ല. കെട്ടിടങ്ങൾ വളരെ പഴക്കം ചെന്നതാണ്. കൂടാതെ മരങ്ങൾ ഭീഷണിയായി നിൽക്കുന്നു. കുട്ടികളുടെ എണ്ണം വർദ്ധിച്ചേക്കാവുന്ന സാഹചര്യത്തിൽ ആനുപാതികമായ ക്ലാസ്റൂമുകളും ബെഞ്ച്, ഡെസ്ക് എന്നിയുമില്ല. |
| 2 | ഗവ. എൽ പി എസ്, കണ്ണമംഗലം | കെട്ടിടം വളരെ പഴക്കം ചെന്നതാണ്. മീറ്റിഗ് ഹാൾ, ഭക്ഷണശാല, ലൈബ്രറി, സ്റ്റോർ റൂം എന്നിവയില്ല. |
| 3 | ഗവ. എൽ പി എസ്,തെക്കേക്കര | കെട്ടിടം വളരെ പഴക്കം ചെന്നതാണ്. ക്ലാസ് മുറികൾ തമ്മിൽ സ്ക്രീൻ ഉപയോഗിച്ച് വേർതിരിച്ചിട്ടില്ല. കിണർ പൊട്ടിപ്പൊളിഞ്ഞ് കിടക്കുന്നു. പാചക പ്പുര ജീർണ്ണാവസ്ഥയിലാണ്.മതിൽ പൂർണ്ണമായി കെട്ടിയിട്ടില്ല. ഭക്ഷണശാല, സ്റ്റോർറൂം എന്നിവയില്ല. മുറ്റത്തുള്ളബദാം മരത്തിന് ചുറ്റും കെട്ടി സുരക്ഷിതമാക്കിയിട്ടില്ല. |
| 4 | ഗവ. എൽ പി എസ്,തെക്കേക്കര നോർത്ത് | കെട്ടിടങ്ങൾ വളരെ പഴക്കം ചെന്നതാണ്.<br>ചുറ്റുമതിൽ പൂർണ്ണമല്ല. അടുക്കളയിലെ സൗകര്യങ്ങൾ അപര്യാപ്തമാണ്. |
| 5 | ഗവ.എൽ പി. എസ്, ഈരേഴ | സ്കൂൾ കെട്ടിടത്തിന്റെ വയറിംഗ് പഴകിയതാണ്. പാചകപ്പുരയുടെ മേൽക്കൂര പഴകിയതാണ്. കുട്ടികൾക്ക് കളിസ്ഥലം ഇല്ല. ഐ.റ്റി ഉപകരണങ്ങളുടെ ലഭ്യത വളരെ കുറവാണ്. |
| 6 | ഗവ.യുപി എസ്,കണ്ണമംഗലം | 100 വർഷം പഴക്കമുള്ളതും ഒരു വശം തകർന്ന ചെരിഞ്ഞതുമായി നാലുകെട്ടിന്റെ ഒരു വശത്താണ് സ്കൂൾ പ്രവർത്തിക്കുന്നത്. അദ്ധ്യാപകർക്കാവശ്യമായ ബെഞ്ച്, ഡെസ്ക് എന്നിവയില്ല. കുട്ടികളുടെ കായികവിനോദങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ ഇല്ല. ഭക്ഷണശാല, സ്റ്റോർറൂം എന്നിവയില്ല. ലൈബ്രറി ബുക്സ്, ലാബ് ഉപകരണങ്ങൾ എന്നിവ സൂക്ഷിക്കുന്നതിനാവശ്യമായ അലമാര ഇല്ല. എൽ സി ഡി പ്രോജക്ടറുകൾ ലഭിച്ചിട്ടുണ്ടെങ്കിലും സ്ഥാപിച്ചിട്ടില്ല. മൈക്രോഫോണുകൾ ലഭ്യമല്ല. |
| 7 | ഗവ.യു പി സ്കൂൾ ആഞ്ഞിലിപ്ര | പ്രധാനകെട്ടിടം ജീർണ്ണാവസ്ഥയിലാണ്. എർത്ത് വർക്കിന്റെ പ്രവർത്തനം കാര്യക്ഷമമല്ല ആവശ്യത്തിനുള്ള ഫർണ്ണിച്ചറുകൾ ഇല്ല. ഇപ്പോഴുള്ള ടോയിലറ്റ് സൗകര്യം അപര്യാപ്തമാണ്. |
| 8 | ഗവ.യുപി എസ് തെക്കേക്കര, ഓലകെട്ടിയമ്പലം | പ്രധാനകെട്ടിടം ചോർന്നൊലിക്കുന്ന അവസ്ഥയിലാണ്. കഞ്ഞിവെയ്ക്കുന്ന ഷെഡ്ഡിന്റെ തറ ഇളകിയ അവസ്ഥയിലാണ്. വളരെ പഴക്കമുള്ളതും മരങ്ങൾ സ്കൂൾ കോമ്പൗണ്ടിലുണ്ട്. |

കെട്ടിടങ്ങൾ ജീർണ്ണാവസ്ഥയിലാണ് എന്നുള്ളതാണ് ഓരോ സ്കൂളിന്റെയും പ്രധാന പ്രശ്നം; പ്രത്യേകിച്ച് ഗവ യുപി എസ് കണ്ണമംഗലത്തിന്റേത്. കുട്ടികൾക്കാവശ്യമായ കളിസ്ഥലം, കളി ഉപകരണങ്ങൾ, കായിക ഉപകരണങ്ങൾ, ലാബ് സൗകര്യം, ഭക്ഷണ ശാല എന്നിവയുടെ അപര്യാപ്തത ഓരോ സ്കൂളിലും നിലനിൽക്കുന്നു. സ്കൂളുകളുടെ അപര്യപ്തതകൾ അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് സർക്കാർ സംവിധാനത്തിലേക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതിനുള്ള മുൻകൈയെടുക്കേണ്ടതാണ്. സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങളിലുള്ള അപര്യാപ്തതകൾ പരിഹരിക്കുന്നതിലേക്കാവശ്യമായ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിലേക്കായി ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-40 മരുന്നുകൾ ലഭിച്ചില്ല

1) ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ഗവ.ഹോമിയോ ഡിസ്പൻസറിയ്ക്ക് മരുന്ന് വാങ്ങൽ പ്രോജക്ട് പ്രകാരം 200000/- രൂപ (ബിൽ നം.2/22.11.18) പിൻവലിച്ച് ഹോംകോ ആലപ്പുഴയ്ക്ക് നൽകിയിരുന്നു. എന്നാൽ മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ 200000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2) മെഡിക്കൽ ഓഫീസർ പി എച്ച് സി മുഖേനപാലിയേറ്റീവ് കെയർ പ്രോജക്ട് (നം.64/19)പ്രകാരം മരുന്നുകളും ഉപകരണങ്ങളുടെയും വിലയായി കാരുണ്യ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് 75000/- രൂപ (ബിൽ നം.5/18-19/14.12.18) നൽകിയിരുന്നു. എന്നാൽ മരുന്നുകളും ഉപകരണങ്ങളും നാളിതുവരെ ലഭിച്ചിട്ടില്ല.മരുന്നുകൾ ലഭിക്കുന്നതിന് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനുമായി കത്തിടപാടുകൾ നടത്തിയിട്ടുള്ളതിന്റെ രേഖകളും പരിശോധനയക്ക് ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭിച്ചിട്ടില്ലാത്തതിനാൽ 75000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മേൽ പ്രോജക്ടുകൾ പ്രകാരം ടി രണ്ട് സ്ഥാപനങ്ങൾക്ക് ലഭിക്കുവാനുള്ള മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-41 മഴക്കാല പൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട് ചില വാർഡുകളിലെ കൺവീനർമാർ പാസ്ബുക്ക്,മിനിറ്റ്സ് ബുക്ക് എന്നിവ ഹാജരാക്കിയില്ല

മഴക്കാല പൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട് 2018-19 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിലെ 7, 8, 10, 11, 12, 13, 14 വാർഡുകളിൽ ജില്ലാ ശുചിത്വമിഷൻ ഫണ്ടിന്റെ വിനിയോഗ സംബന്ധമായി കൺവീനറുടെ പാസ്സ് ബുക്ക്, മിനിറ്റ്സ് ബുക്ക് എന്നിവ ഹാജരാക്കിയില്ല. ടി പാസ്സ് ബുക്കുകളുടെ നമ്പർ (SBI സേവിങ്സ് അക്കൗണ്ട്), (വാർഡ്) താഴെ കൊടുക്കുന്നു.

67190662322(7), 67190662399(8), 67190664578(10),

67190665298(11), 67190664635(12), 67190664726(13), 67190664760(14). കൺവീനർമാർ 10000/- വീതം ഈ ആവശ്യത്തിലേയ്ക്കായി കൈപ്പറ്റിയിട്ടുള്ളതിനാൽ ടി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-42 ബിൽ തുകയിൽ അധികരിച്ച ചെലവ് നിരാകരിക്കുന്നു.

പഞ്ചായത്തിന്റെ വാഹനമായ ജീപ്പ് കെ.എൽ.31 ഡി 4898 റിപ്പയറിനു വൗച്ചർ നമ്പർ 21800096/ചെക്ക് നമ്പർ 018922/23.05.2018 പ്രകാരം 6230/- രൂപ എസ്റ്റീം മോട്ടോർസിന് (ചെട്ടികുളങ്ങര) കൈമാറി. എന്നാൽ ഇതിലേക്കായി വൗച്ചറിനോപ്പം വച്ചിട്ടുള്ള30/04/18 ലെ എസ്റ്റീം മോട്ടോർസിന്റെ ബില്ല് തുക 3830/- യാണ്. ബിൽ തുകയിലധികം പിൻവലിച്ച് ടി സ്ഥാപനത്തിന് നൽകിയത് സംബന്ധിച്ച് ഓഡിറ്റ് എക്വയറി (നമ്പർ 8) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. 2400/- രൂപയുടെ ചെലവ് സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കാത്തതിനാൽ നിരാകരിക്കുന്നു.

## 1-43 പഞ്ചായത്ത് വക ആംബുലൻസിന്റെ ലോഗ് ബുക്ക് സൂക്ഷിക്കുന്നതിലെ അപാകത

പഞ്ചായത്തിന്റെ അധീനതയിലുള്ള KL31 B 8047-ാം നമ്പർ വാഹനത്തിന്റെ ലോഗ് ബുക്കിൽ ഇന്ധനത്തിന്റെ ഉപഭോഗം സംബന്ധിച്ച പ്രതിമാസ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. ഇന്ധനത്തിന്റെ മുന്നിരിപ്പ്, തൻമാസം വാങ്ങിയ ഇന്ധത്തിന്റെ അളവ്, ഉപഭോഗം, മിച്ചം എന്നിവ അടങ്ങിയ സംക്ഷിപ്തം ഓരോ മാസാവസാനവും ലോഗ് ബുക്കിൽ രേഖപ്പെടുത്താത്തതു മൂലം വാഹനത്തിന്റെ ഇന്ധന ഉപഭോഗത്തിന്റെ നിജസ്ഥിതി ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ വാഹനത്തിന്റെ അറ്റകുറ്റപ്പണിയുടെ വിവരവും ലോഗ്ബുക്കിൽ യഥാസമയം രേഖപ്പെടുത്തുന്നില്ല. ലോഗ് ബുക്കിലെ അപാകത പരിഹരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-44 എസ്.എൽ.ഐ. പോളിസി പുതുക്കിയില്ല

സംസ്ഥാന സർവ്വീസിൽ 19.08.1976 നോ അതിനു ശേഷമോ പ്രവേശിക്കുന്ന, 50 വയസ്സ് കഴിയാത്ത ഉദ്യോഗസ്ഥർ യഥാകാലം നിശ്ചയിക്കുന്ന നിരക്കിൽ സംസ്ഥാന ലൈഫ് ഇൻഷുറൻസ് പോളിസി എടുക്കേണ്ടതാണ്. ജി.ഒ.(പി) 149/2016/ധന/04.10.2016 01.01.2017 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിട്ടുള്ള നിരക്ക് പ്രകാരം ശ്രീമതി ജയശ്രീ.എസ്., ജൂനിയർ സൂപ്രണ്ട് (അടിസ്ഥാന ശംമ്പളം-39500) 500/ രൂപക്കാണ് എസ്.എൽ.ഐ. പോളിസി എടുക്കേണ്ടതെങ്കിലും. 400/-രൂപയുടെ പോളിസി മാത്രമേ ടിയാൾ എടുത്തിട്ടുള്ളൂ. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-45 ലൈഫ് ഭവനനിർമ്മാണം - പദ്ധതി നിർവഹണത്തിന്റെ വിശദാംശങ്ങൾ

എല്ലാവർക്കും സുരക്ഷിത ഭവനമെന്ന ലക്ഷ്യം മുൻനിർത്തി നടപ്പിലാക്കുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതിയാണ് ലൈഫ് ഭവന പദ്ധതി. ഇതിന്റെ രണ്ടാം ഘട്ടമാണ് വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം. ഭൂമിയുള്ള ഭവന രഹിതരായിട്ടുള്ളവരും പഞ്ചായത്ത് നടത്തിയ സർവ്വേ പ്രകാരം അർഹരെന്ന് കണ്ടെത്തിയതുമായ ഗുണഭോക്താക്കൾക്ക് ഈ പദ്ധതി പ്രകാരം 4 ലക്ഷം രൂപ ഭവന നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്നു. 2018-19 ൽ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥയായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നല്കിയ വിവരങ്ങൾ (ഓഡിറ്റ് അന്വേഷണം നം.1/ 19.09.19 ന് ലഭിച്ച മറുപടി) ചുവടെ ചേർക്കുന്നു .

**1. ഗുണഭോക്താക്കളുടെ വിവരം**

| | |
|---|---|
| ലൈഫ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളുടെ എണ്ണം | 74 |
| രജിസ്റ്റർ ചെയ്തതിൽ പഞ്ചായത്തുമായി കരാറിൽഏർപ്പെട്ടവരുടെ എണ്ണം | 74 |
| നിർമ്മാണം ആരംഭിച്ചവർ | 2018-19 -74 |
| നിർമ്മാണം ആരംഭിച്ചവരിൽ പണി പൂർത്തിയായവർ | 32 |

**2. ഭവനനിർമ്മാണം ഘട്ടം തിരിച്ചുള്ള വിവരം**

| | |
|---|---|
| കരാർ ചമച്ചവർ | 74 |
| ബേയ്സ്മെന്റ് വരെ മാത്രം പൂർത്തിയാക്കുന്നവർ | 10 |
| ലിന്റൽ വരെ പൂർത്തിയാക്കിയവർ | 17 |
| മേൽക്കൂര പൂർത്തിയാക്കിയവർ | 15 |
| മേൽക്കൂര പൂർത്തിയാക്കി<br>വീട് വാസയോഗ്യമാക്കിയവർ | 32 |
| കരാർചമച്ചെങ്കിലും നാളിതുവരെ ഭവനനിർമ്മാണം ആരംഭിക്കാത്തവർ | 0 |

**3.ലൈഫ് പദ്ധതി – ഫണ്ട് വിവരം**

| ഫണ്ടിനം | വകയിരുത്തിയ തുക | | ചെലവഴിച്ച തുക | | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക | |
|---|---|---|---|---|---|---|
| | ജനറൽ | എസ് സി | ജനറൽ | എസ് സി | ജനറൽ | എസ് സി |
| ഗ്രാമപ്പഞ്ചായത്ത് വിഹിതം | 4420400 | 4053660 | 4420400 | 3120000 | 0 | 933660 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1518737 | 1288296 | 1518737 | 0 | 0 | 1288296 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 526250 | 798044 | 500863 | 0 | 25387 | 798044 |
| ലോൺ തുക | 31534613 | 1060000 | 9160000 | 0 | 0 | 0 |
| സംസ്ഥാനവിഹിതം | 0 | 0 | 0 | 0 | 0 | 0 |

2018-19 വർഷം പട്ടികജാതി വിഭാഗത്തിലെ 10 ഗുണഭോക്താക്കളാണ് കരാർവെച്ചിരുന്നത് എന്നും മതിയായ ഗുണഭോക്താക്കൾ ഇല്ലാതിരുന്നതിനാൽ ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്ത് വിഹിതങ്ങൾ ചെലവഴിക്കാൻ സാധിച്ചിട്ടില്ല എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിരുന്നു. ചെലവഴിക്കാൻ അവശേഷിക്കുന്ന തുക പുതിയ ഗുണഭോക്താക്കളെ കണ്ടെത്തി ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത സ്ഥാപനങ്ങളിലേക്ക് തിരികെ അടയ്ക്കേണ്ടതാണ്. ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളെക്കൊണ്ട് അവ പൂർത്തീകരിപ്പിക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

# 1-46 സേവന പുസ്തകമില്ലാത്ത കരാർ ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ ചെയ്ത് നല്കി- 21750 രൂപ തടസ്സപ്പെടുത്തുന്നു.

പഞ്ചായത്തിലെ എം.ജി.എൻ ആർ.ഇ.ജി.എസ് വിഭാഗത്തിൽ ഒരു അക്രഡിറ്റഡ് എൻജിനീയർ, രണ്ട് ഓവർസിയർ, ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവർ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്. ടി ജീവനക്കാരിൽ താഴെ പറയുന്ന ജീവനക്കാർക്ക് സാമ്പത്തിക വർഷം 15 ദിവസത്തേക്കുള്ള ആർജിതാവധി സറണ്ടർ ചെയ്ത് തുക നൽകിയിട്ടുണ്ട്. വിശാദംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരിയുടെ പേര് | തസ്തിക | 15 ദിവസത്തെ ആർജിതാവധി സറണ്ടർ ഇനത്തിൽ നൽകിയ തുക | ചെക്ക് നം.<br>തീയതി |
|---|---|---|---|
| ശാരി | അക്രഡിറ്റഡ് എൻജിനീയർ | 12500 | 013011/<br>28-03-19 |
| പ്രസീത കുമാരി | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 9250 | 013012/ |

എന്നാൽ ടി ജീവനക്കാർക്ക് ആർക്കും തന്നെ സേവനപുസ്തകം പരിപാലിച്ചിട്ടില്ല. ആയതിനാൽ സറണ്ടർ ചെയ്ത ലീവിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല. സേവനപുസ്തകത്തിന്റെ അഭാവത്തിൽ ആർജിതാവധി സറണ്ടർ ചെയ്ത് തുക നൽകിയത് എപ്രകാരമെന്ന് വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് കരാർ ജീവനക്കാരുടെ സേവന പുസ്തകം പരിപാലിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. ആകയാൽ ഈ ഇനത്തിൽ ചെലവഴിച്ച 21750/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തടസ്സം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-47 പഞ്ചായത്തിന്റെ ആനുകൂല്യം സമീപ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഗുണഭോക്താക്കൾ കൈപ്പറ്റി

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായുള്ള താഴെ പറയുന്ന പ്രോജക്ടുകളിലെ വ്യക്തിഗത ഗുണഭോക്തക്കളുടെ അപേക്ഷ പരിശോധിച്ചതിൽ ടിയാളുകളുടെ റേഷൻ കാർഡിലെ മേൽ വിലാസ പ്രകാരം അവർ തൊട്ടടുത്തുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിലെ സ്ഥിര താമസക്കാരാണെന്ന് കാണുന്നു.

1)

| പ്രോജക്റ്റിന്റെ നം-46<br>ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | | |
|---|---|---|
| ഗുണഭോക്താവിന്റെ പേര് | ക്രിസ്റ്റീന മറിയം വർഗ്ഗീസ് | രാഹുൽ .ആർ |
| റേഷൻ കാർഡുടമയുടെ പേര്, വിലാസം | അന്നമ്മ, പാലത്തിട്ടയിൽ, ഈരേഴ വടക്ക് | ഷീല, ഷൺമുഖാലയം, മുളക്കൽ,ചെറുകോൽ |
| റേഷൻ കാർഡ് നം | 1421047587 | 1421079362 |
| റേഷൻ കാർഡ് പ്രകാരമുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനം | മാവേലിക്കര മുനിസിപ്പാലിറ്റി | ചെന്നിത്തല-തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്ത് |
| നൽകിയ സ്കോളർഷിപ്പ് തുക | 12000 | 7200 |

2)

| പ്രോജക്റ്റിന്റെ നം-73<br>വയോജനങ്ങൾക്ക് കട്ടിൽ (എസ്സ്.സി.പി) | |
|---|---|
| ഗുണഭോക്താവിന്റെ പേര് | ഭാസ്കരൻ |
| റേഷൻ കാർഡുടമയുടെ പേര്, വിലാസം | രാജമ്മ ഡി, കളിക്കത്തറയിൽ |
| റേഷൻ കാർഡ് നം | 1421056073 |
| റേഷൻ കാർഡ് പ്രകാരമുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനം | മാവേലിക്കര തെക്കേക്കര |

3)

| പ്രോജക്റ്റിന്റെ നം-74<br>വയോജനങ്ങൾക്ക് കട്ടിൽ | | | | |
|---|---|---|---|---|
| ഗുണഭോക്താവിന്റെ പേര് | രാധമ്മ | ലത | ശാന്ത | ശാരദ |
| റേഷൻ കാർഡുടമയുടെ പേര്, വിലാസം | രാധമ്മ<br>രാധേയം<br>പേള | ലത,<br>മിഥുൻ ഭവനം<br>ഈരേഴ വടക്ക് | ശാന്ത<br>മുട്ടത്ത് വീട്<br>ഈരേഴ | ശാരദ,<br>ശാരദ ഭവനം<br>ഈരേഴ<br>തെക്ക് |
| റേഷൻ കാർഡ് നം | 1421078650 | 142002377 | 1421001284 | 1421028251 |
| റേഷൻ കാർഡ് പ്രകാരമുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനം | മാവേലിക്കര മുനിസിപ്പാലിറ്റി | മാവേലിക്കര മുനിസിപ്പാലിറ്റി | മാവേലിക്കര മുനിസിപ്പാലിറ്റി | മാവേലിക്കര-തെക്കേക്കര |

പ്രോജക്റ്റ് നം. 73, 74 എന്നിവയിൽ ഒരു കട്ടിലിനായി ചെലവഴിച്ച തുക 3450/- രൂപയാണ്. അഞ്ച് ഗുണഭോക്താക്കൾക്കായുള്ള ആകെ ചെലവ് – 3450 X 5 = 17250

വിശദീകരണമാവശ്യപ്പെട്ട് ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് നൽകിയ ഒഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.29/04.10.2019) ലഭ്യമാക്കിയ മറുപടിയിൽ ടി ഗുണഭോക്താക്കൾ ഗ്രാമസഭ അംഗീകരിച്ച പട്ടികയിലുൾപ്പെട്ടവരാണെന്നും വർഷങ്ങളായി പഞ്ചായത്തിലെ സ്ഥിരതാമസ്സകാകരാണെന്നുമാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ സ്ഥിരതാമസ്സക്കാരെന്നതിന് തെളിവായി രേഖകളൊന്നും ഹാജരാക്കിയില്ല. ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടുവെന്നാൽ തന്നെ ഗുണഭോക്താവ് പഞ്ചായത്തിലെ സ്ഥിരതാമസ്സക്കാരനാണെന്നുറപ്പാക്കേണ്ടതും, അവരുടെ അർഹത പരിശോധിക്കേണ്ടതും നിർവ്വഹണ ഉദ്യോഗസ്ഥയുടെ ചുമതലയാണ്. ആയതിനാൽ ടിയാളുകൾക്ക് മൂന്ന് പ്രോജക്റ്റുകളിലായി നൽകിയ തുക 36450/- (7200+12000+17250) രൂപ തടസ്സപ്പെടുത്തുന്നു. തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-48 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

